പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 271</u>  <u>05-07-2007-ൽ മറുപടിക്ക്</u>

# ഭൂരഹിതരായ ആദിവാസികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. പി. കൃഷ്ണ പ്രസാദ് | ശ്രീ.എ. കെ. ബാലൻ<br>(പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ; | 2001-ൽ ശേഖരിച്ച കണക്ക് പ്രകാരം 22062 ഭൂരഹിത ആദിവാസി കുടുംബങ്ങളും 1 ഏക്കറിൽ താഴെയുള്ള 32,131 ആദിവാസി കുടുംബങ്ങളും ഉണ്ട്. |
| ബി | ഭൂരഹിതരായ ആദിവാസികളുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | <u>(ബി)യും (സി)യും</u><br>ഉണ്ട്. സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻെറ കീഴിൽ ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആറളം ഫാമിൽ 3779 ഏക്കർ ഭൂമിയും, ആലക്കോട് 340 ഏക്കർ ഭൂമിയും വിതരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇത് നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഉടൻ വിതരണം ചെയ്യുന്നതാണ്. ഇതിന് പുറമെ 7693.2257 ഹെക്ടർ (19002 ഏക്കർ) വനഭൂമി ആദിവാസി പുനരധിവാസത്തിന് വേണ്ടി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിൻെറ Net Present Value ആയി 577 കോടി രൂപ സർക്കാർ വഹിക്കേണ്ടതുണ്ട്. ഈ തുക കേന്ദ്ര സർക്കാർ വിട്ടുതന്നിട്ടുണ്ട്. എന്നാൽ സുപ്രീം കോടതി, സംസ്ഥാനം അടയ്ക്കേണ്ട ഈ തുക ഒഴിവാക്കി കിട്ടാൻ വേണ്ടി സംസ്ഥാന സർക്കാർ സമർപ്പിച്ച IA 1137/2004 നമ്പർ ഹർജി തീർപ്പാക്കിയിട്ടില്ല. ഇത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുതുതായി കൊണ്ടു വന്ന Scheduled Tribes & Other Traditional Forest Dwellers (recognition of Forest Rights) Act 2006 നിയമം നടപ്പിലാവുമ്പോൾ ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കുവാൻ കൂടുതൽ ഭൂമി ലഭ്യമാവുന്നതാണ്. ഈ നിയമം നടപ്പിലാക്കുന്നതിനുള്ള റൂൾസ് ഫ്രെയിം ചെയ്യുവാനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഇതെല്ലാം ചേർത്തും, റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ സഹകരണത്തോടും കൂടി ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കാനാണ് സർക്കാർ തീവ്രശ്രമം നടത്തി വരുന്നത്. |
| സി | ആദിവാസികൾക്ക് നൽകാനായി ഇതിനകം എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട് ; | |
| ഡി | ആറളം ഫാമിൽ നിന്ന് എത്ര ഏക്കർ ഭൂമി ഇതിനായി നീക്കി വച്ചിട്ടുണ്ട് ; | 3779 ഏക്കർ. ഇതിൽ 751 ഏക്കർ വിതരണം ചെയ്തു. 1717 ഏക്കർ സ്ഥലം വിതരണത്തിനുള്ള നടപടി ക്രമം പൂർത്തിയാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തു ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 302 കുടുംബങ്ങൾക്കായി 129.79 ഏക്കർ ഭൂമിയ്ക്കുള്ള പട്ടയം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2086 പേർക്ക് 3238.59 ഏക്കർ സ്ഥലത്തിന് അവകാശ രേഖ നൽകിയിട്ടുണ്ട് |
| (എഫ്) | ഭൂമി വിതരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | ഭൂമി വിതരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

Sushama S.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

5-7-2007 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 272

### കെ.എസ്.എഫ്.ഇ.യുടെ സുവർണ്ണ ജൂബിലി ചിട്ടികൾ

**ചോദ്യം:**

ശ്രീമതി. കെ. എസ് സലീഖ
ശ്രീ. വി.ജെ. തങ്കപ്പൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. പി. വിശ്വൻ

**ഉത്തരം:**

ഡോ.ടി.എം. തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറ - ർപ്രൈസസ് സുവർണ്ണ ജൂബിലി പ്രമാണിച്ച് ആരംഭിച്ച ചിട്ടികളുടെ ചിറ്റാളൻമാർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് പ്രഖ്യാപിച്ചത്;

എ) ചിട്ടിയിൽ നിന്നുള്ള വരുമാനത്തിൻെറ ഒരു വിഹിതം ചിട്ടിയിൽ ചേരുന്നവർക്ക് സമ്മാനമായി വിതരണം ചെയ്യുമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കേരള ഗോൾഡൻ ജൂബിലി ചിട്ടികൾ ആരംഭിച്ചത്. 2006 നവംബർ, ഡിസംബർ , 2007 ജനുവരി എന്നീ മാസങ്ങളിൽ ചിട്ടിയിൽ ചേർന്ന ചിറ്റാളന്മാരിൽ മുടക്കം വരുത്താത്ത 1000 രൂപയിലധികം തവണ സംഖ്യയുള്ള ചിട്ടികളിലെ ചിറ്റാളന്മാരെ ഉൾപ്പെടുത്തി നറുക്കെടുപ്പിലൂടെ ഓരോ മാസവും സ്വർണ്ണ നാണയങ്ങൾ സമ്മാനമായി നൽകി (മൊത്തം 125 പവൻ) കൂടാതെ ഈ കാലയളവിൽ ചിട്ടിയിൽ ചേർന്ന മുടക്കമില്ലാത്ത ചിറ്റാളന്മാർക്ക് മെഗാ സമ്മാനങ്ങളായി ഒരു കാർ, 5 മോട്ടോർ ബൈക്കുകൾ, 5 ഫുള്ളി ആട്ടോമാറ്റിക് വാഷിംഗ് മെഷീൻ, 21 ഇഞ്ചിൻെറ പത്ത് കളർ ടി.വികൾ, 10 ഡബിൾ ഡോർ ഫ്രോസ്റ്റ് ഫ്രീ ഫ്രിഡ്ജുകൾ മാത്രവുമല്ല, തവണ സംഖ്യ മുടക്കം കൂടാതെ അടയ്ക്കുന്ന ചിറ്റാളന്മാർക്ക് (പരമാവധി 50 മാസം വരെ ) കേരള ഗവൺമെൻറ് ലോട്ടറി ടിക്കറ്റുകളും സമ്മാനമായി നൽകുന്നു

ബി) ഇതിൻെറ ഫലമായി എന്തു തുകയുള്ള ആനുകൂല്യങ്ങളാണ് ചിറ്റാളൻമാർക്ക് നൽകിയത്;

ബി) ഗോൾഡൻ ജൂബിലി ചിട്ടിയുടെ ഭാഗമായി ഒരു കോടി ഇരുപത്തി ഒൻപത് ലക്ഷത്തി അറുപത്തി എട്ടായിരത്തി ഇരുന്നൂറ്റി അമ്പത്തി ഏഴ് (1,29,68,257) രൂപയുടെ സമ്മാനങ്ങളും

| | | | |
|---|---|---|---|
| | | | കൂടാതെ ലോട്ടറി ടിക്കറ്റുകളിൽ നിന്നും 36.27 ലക്ഷം രൂപയുടെ സമ്മാനങ്ങളും ഇതുവരെ നൽകിയിട്ടുണ്ട്. |
| സി) | ചിട്ടി തവണ അടയ്ക്കുന്ന ഓരോ ആയിരം രൂപയ്ക്കും ഒരു സംസ്ഥാന സർക്കാർ ഭാഗ്യക്കുറി കൊടുക്കുന്നുണ്ടോ; | സി) | മുടക്കം വരുത്താതെ ചിട്ടി തവണകൾ അടയ്ക്കുന്ന ഓരോ 1000 രൂപയ്ക്കും ഗോൾഡൻ ജൂബിലി ചിട്ടികളിലെ ചിറ്റാളന്മാരുടെ പേരിൽ എല്ലാ മാസവും സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റ് അനുവദിക്കുന്നുണ്ട്. ഇതിൽ സമ്മാനാർഹരാകുന്ന ടിക്കറ്റുകളുടെ ചിറ്റാളന്മാരെ നേരിട്ടറിയിക്കുന്നുമുണ്ട്. |
| ഡി) | ഭാഗ്യക്കുറി ടിക്കറ്റിനെ സംബന്ധിച്ച വിവരം ചിറ്റാളന്മാർക്ക് മുൻകൂട്ടി അറിയാൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചിട്ടികൾ മുടക്കം വരുത്താത്ത ചിറ്റാളന്മാരുടെ പേരിൽ അനുവദിച്ചു നൽകുന്ന സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ നമ്പറുകൾ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതു കൂടാതെ സമ്മാനാർഹമായ ലോട്ടറി ടിക്കറ്റുകളിൽ 5000 രൂപയും അതിനു മുകളിലും സമ്മാന തുക വരുന്ന ടിക്കറ്റുകൾ ചിറ്റാളന്മാർക്ക് നേരിട്ടു നൽകുന്നുണ്ട്. 5000 രൂപയ്ക്കു താഴെ വരുന്ന സമ്മാനതുക അതാത് ചിറ്റാളന്മാരുടെ അക്കൗണ്ടുകളിൽ വരവ് വയ്ക്കുന്നുണ്ട്. |
| ഇ) | ഭാഗ്യക്കുറി ടിക്കറ്റിലൂടെ ഇതിനകം എന്തു തുകയുടെ ആനുകൂല്യം ചിറ്റാളന്മാർക്ക് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | ഇ) | ഭാഗ്യക്കുറി ടിക്കറ്റിലൂടെ 36.27 ലക്ഷം രൂപയുടെ സമ്മാനങ്ങൾ ചിറ്റാളന്മാർക്ക് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :273      05-07-2007 ൽ മറുപടിയ്ക്ക്

## സെക്യൂരിറ്റി ഡെപ്പോസിറ്റ്

| | ചോദ്യം<br>ശ്രീ. എ.കെ. ചന്ദ്രൻ<br>" മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ.എസ്.ബിജി മോൾ<br>ശ്രീ. കെ. അജിത്ത് | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും<br>ഊർജ്ജവും<br>വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗത്തിനനുസൃതമായി നിശ്ചിത തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി വാങ്ങുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈകോഡ് 2005-ലെ 13-ാം ചട്ട പ്രകാരമാണ് സെക്യൂരിറ്റി തുക ഉപഭോക്താക്കളിൽ നിന്ന് ബോർഡ് ഇപ്പോൾ വാങ്ങുന്നത്. |
| (ബി) | വൈദ്യുതി നല്കുന്നതിനോട നു ബന്ധിച്ച് എന്തെല്ലാം ഇനങ്ങൾക്കാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ബാധകമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | വൈദ്യുതി ചാർജ്ജിനെ അടിസ്ഥാന പ്പെടുത്തിയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നത് . ഇനം തിരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല. |
| (സി) | വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് അഡീഷണൽ സെക്യൂരിറ്റി വയ്ക്കണമെന്ന നിബന്ധനയുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇത്തരം ഡെപ്പോസിറ്റുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണു ഉപഭോക്താക്കൾക്കു ലഭിക്കുന്നതെന്നു വെളിപ്പെടുത്തുമോ? | (ഡി) | സെക്യൂരിറ്റി തുക അഞ്ചു ലക്ഷം രൂപയിൽ കൂടുതലായാൽ പകുതി തുക പണമായി നൽകുകയും പകുതി ബാങ്ക് ഗ്യാരണ്ടിയും മതിയാകും. പണമായി അടയ്ക്കുന്ന തുകയ്ക്ക് ബാങ്ക് നിരക്കിൽ പലിശ നൽകാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.274. 5.7.2007-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ :<br>ശ്രീ.കെ.കെ.ഷാജു :<br>ശ്രീ.തോമസ് ചാണ്ടി : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പട്ടിണിയും ദാരിദ്ര്യവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ)<br>1. തീരപ്രദേശത്തെ 1.26 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ (റവന്യൂ അധികൃതർ റേഷൻ കാർഡ് വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ) 62.4% കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്.<br>2. 22% മത്സ്യത്തൊഴിലാളികൾക്കു താമസിക്കാൻ ഭൂമിയില്ല.<br>3. 49% പേർക്കു 5 സെന്റിനു താഴെയാണ് ഭൂമിയുള്ളത്.<br>4. 92% മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും വാർഷികവരുമാനം 5000 രൂപയിൽ താഴെയാണ്. |
| (ബി) വറുതിക്കാലത്ത് മത്സ്യത്തൊഴിലാളി മേഖലയിൽ സൗജന്യറേഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന്റെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) ട്രോളിംഗ് നിരോധന സമയത്ത് ട്രോളിംഗ് നിരോധനം മൂലം തൊഴിൽരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ സൗജന്യറേഷൻ നൽകുന്നുണ്ട്. 2007 വർഷത്തെ ട്രോൾബാൻ സമയത്ത് (15.6.2007 മുതൽ 31.7.2007 വരെ) യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിലെയും പീലിംഗ് ഷെഡിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള അനുബന്ധ തൊഴിലാളികൾക്കും 47 ദിവസത്തെ സൗജന്യറേഷനും 10 കുതിരശക്തിക്കുമുകളിൽ ശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് 15.6.2007 മുതൽ ഒരാഴ്ചക്കാലം സൗജന്യറേഷനും വിതരണം ചെയ്തുവരുന്നു. നിലവിൽ കാലവർഷക്കെടുതി സമയത്ത് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് നൽകിവരുന്ന തോതിലാണ് ട്രോൾബാൻ സമയത്ത് മത്സ്യത്തൊ |

| | |
|---|---|
| | ഴിലാളികൾക്ക് സൗജന്യറേഷൻ നൽകുന്നത്. അളവ് വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| (സി) മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി)<br>I <u>നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ</u><br>1. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം.<br>2. താമസം, ഭക്ഷണം, മറ്റു വിദ്യാഭ്യാസ ചെലവുകൾ എന്നിവ സൗജന്യമായി നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കു താമസിച്ച് പഠിക്കുന്നതിനായി സംസ്ഥാനത്തു 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.<br>3. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ.<br>4. പ്രതിവർഷം 1500 മത്സ്യത്തൊഴിലാളികൾക്ക് 40000 രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം.<br>5. വീടുകളുടെ അറ്റകുറ്റപണി, സാനിട്ടേഷൻ, കുടിവെള്ള പദ്ധതി.<br>6. വാർദ്ധക്യകാല പെൻഷൻ.<br>7. പെൺമക്കളുടെ വിവാഹത്തിനു ധനസഹായം.<br>8. കുടുംബ സംവിധാന പദ്ധതി<br>9. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.<br>10. വികസന പരിപാടികളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടി.<br>11. സമ്പാദ്യ സമാശ്വാസ പദ്ധതി<br>12. നാടൻ വള്ളങ്ങൾ നവീകരിക്കുന്നതിന് എഞ്ചിൻ വാങ്ങുന്നതിന് 10000 രൂപ വരെ സബ്സിഡി.<br>13. മത്സ്യബന്ധനവലകൾ വാങ്ങുന്നതിന് 6000 രൂപ വരെ സബ്സിഡി.<br>14. സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശനിരക്കിലുള്ള വായ്പകൾ.<br>15. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി.<br>16. മത്സ്യത്തൊഴിലാളി വനിതാ സ്വയം സഹായ സംഘങ്ങൾക്കു ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 80 ലക്ഷം രൂപ സർ |

| | |
|---|---|
| | ക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.<br>17. സുനാമി അടിയന്തിര സഹായ പദ്ധതികളും സുനാമി പുനരധിവാസ പദ്ധതികളും.<br><br>II. <u>സ്വീകരിക്കാൻ പോകുന്ന നടപടികൾ.</u><br><br>1. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി.<br>2. സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>3. 40000 മത്സ്യത്തൊഴിലാളികൾക്ക് 5000 രൂപ വീതം പലിശ രഹിത വായ്പ<br>4. മത്സ്യബന്ധന സമ്മർദ്ദം തീരക്കടലിൽ കുറയ്ക്കുന്നതിനും ആഴക്കടലിലേക്ക് വ്യാപിപ്പിക്കുന്നതിനും 500 ലക്ഷം രൂപയുടെ പദ്ധതി.<br>5. മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും.<br>6. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വൃത്തിയാക്കിയ പച്ച മത്സ്യ/ഉണക്ക മത്സ്യ യൂണിറ്റുകൾ, മത്സ്യവിപണനത്തിനു വാഹനം, പ്രവർത്തന മൂലധനം ലഭ്യമാക്കൽ, സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങിയവ.<br>7. സമുദ്ര മത്സ്യബന്ധന ഉപകരണങ്ങളുടെ അറ്റകുറ്റപണിയും പുതിയവ നൽകലും.<br>8. ഔട്ട് ബോർഡ് മോട്ടോറുകൾക്ക് എൽ.പി.ജി. കിറ്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 275 -ാം നമ്പർ ചോദ്യം 05.07.2007 -ലെ മറുപടിക്ക്

എ.ഡി.ബി ലോകബാങ്ക് വായ്പാ പദ്ധതികൾക്ക് യൂസർ ഫീയും സേവനനികുതിയും

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. തോമസിൽ രാമകൃഷ്ണൻ<br>പ്രൊഫ. കെ.വി.തോമസ് | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി |

| | |
|---|---|
| എ). എ.ഡി.ബി.യും ലോകബാങ്കും നൽകുന്ന വായ്പ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ യൂസർ ഫീയും സേവനനികുതിയും ഈടാക്കണമെന്ന് വ്യവസ്ഥയുണ്ടോ? | എ.ഡി.ബി. ലോകബാങ്ക് വായ്പ വിനിയോഗിച്ച് സംസ്ഥാനസർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളിൽ കേരള സുസ്ഥിര നഗരവികസനപദ്ധതിയുടെ ലോൺ എഗ്രിമെൻറിൽ പദ്ധതി പൂർത്തീകരണത്തിന് ശേഷം സിവറേജ് ചാർജ്ജ്, ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫീസ്, പദ്ധതി കാലയളവിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പരിപാലന ചെലവ് എന്നിവ യൂസർഫീ /സേവന നികുതി എന്നിവയിലൂടെയോ മറ്റു വരുമാന സ്രോതസുകളിൽ നിന്നോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കണ്ടെത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റു വരുമാന സ്രോതസുകളിൽ നിന്ന് ഇതിനാവശ്യമായ ചെലവ് കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. |
| ബി) ഇത്തരം ഫീസുകളും നികുതികളും എല്ലാവരിൽനിന്നും ഈടാക്കുമോ? | ഈടാക്കുന്നതല്ല. ദരിദ്രരെ ഒഴിവാക്കും. വിശദാംശങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് തീരുമാനമെടുക്കേണ്ടത്. |
| സി) ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും മാത്രം സേവനനികുതിയും യൂസർ ഫീയും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇക്കാര്യത്തിൽ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് തീരുമാനമെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

## 12-ാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:276 — 5.7.2007-ൽ മറുപടിക്ക്

### പാർപ്പിട നയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.ബിനോയ് വിശ്വം<br>(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പുതിയ പാർപ്പിട നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഭവന നിർമ്മാണ വകുപ്പ് പുതിയ പാർപ്പിട നയം പ്രഖ്യാപിച്ചിട്ടില്ല. ഭവന നിർമ്മാണ കർമ്മ സമിതി രൂപം നൽകിയ കരട് പാർപ്പിട നയം പൊതുജനങ്ങളുടെ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി 16/5/2007ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഭവന രഹിതരായ എത്രപേർ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) 2001ലെ ജനസംഖ്യാ കണക്കെടുപ്പനുസരിച്ച് സംസ്ഥാനത്ത് വീടില്ലാത്ത ഏകദേശം 8.26 ലക്ഷത്തോളം കുടുംബങ്ങൾ ഉണ്ടെന്നാണ് ആദ്യം കണക്കാക്കിയിരുന്നത്. എന്നാൽ ഭവന നിർമ്മാണ പാർപ്പിട നയ രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ വാസയോഗ്യമായ പാർപ്പിടമില്ലാത്ത വിവിധ വിഭാഗങ്ങളിൽപ്പെട്ട ഏകദേശം 10,84,890 കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. |
| (സി) ഭവന നിർമ്മാണത്തിന് എന്തെല്ലാം സഹായങ്ങളാണ് പുതിയ നയത്തിൽ ഉറപ്പു നൽകുന്നത്; | (സി) കരട് ഭവന നിർമ്മാണ പാർപ്പിട നയത്തിൽ പാർപ്പിട നിർമ്മാണ ഭൂമിയുടെ ലഭ്യത ഉറപ്പാക്കൽ, വിവിധ പദ്ധതികൾക്കായുള്ള താങ്ങാനാവുന്ന തരത്തി |

ലുള്ള ധനസമാഹരണം, നിയമ-നിയന്ത്രണ മേഖലയിലെ പരിഷ്ക്കാരങ്ങൾ, സാങ്കേതിക വിദ്യാസഹായവും കൈമാറ്റവും, അടിസ്ഥാനസൗകര്യ വികസനം, പരിസ്ഥിതി അതിജീവന പ്രശ്നങ്ങൾ, ഭവന നിർമ്മാണ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ,ചേരി പ്രദേശങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നല്കിയിട്ടുണ്ട്.

(ഡി) ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് നേരിടുന്നതിന് ഭവന നിർമ്മാണ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

(ഡി) ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം അതിനായുള്ള സൂപ്പർ മാർക്കറ്റ് ശൃംഖല വഴിയും, ചില്ലറ വില്പന കേന്ദ്രങ്ങൾ സ്ഥാപിച്ചും, ഉറപ്പാക്കാനും, മണലിന്റെയും മറ്റു വനവിഭവങ്ങളുടെയും ലഭ്യത ഉറപ്പാക്കാനും കരടു പാർപ്പിട നയത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ വ്യവസായ മാലിന്യ വസ്തുക്കളിൽ നിന്നും ഉറപ്പേറിയതും ചെലവു കുറഞ്ഞതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ; അതായത് ഫോസ്ഫോ ജിപ്സം, കളിമൺ മാലിന്യം എന്നിവ ഉപയോഗിച്ച് ഇഷ്ടികകൾ ഉണ്ടാക്കുന്ന ഒരു നിർമ്മാണശാല ആരംഭിക്കുന്നതിനും കെട്ടിട നിർമ്മാണ മേഖലയിൽ മണലിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി കൃത്രിമമായി മണൽ നിർമ്മിക്കാനുതകുന്ന ഒരു നിർമ്മാണശാല ആരംഭിക്കാനും, അണക്കെട്ടിലെ ജലസംഭരണികളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മണൽശേഖരത്തെ,നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ ഉതകുന്ന ഒരു പദ്ധതി ആരംഭിക്കാനും വേണ്ട നടപടികൾ സംസ്ഥാന നിർമ്മിതികേന്ദ്രം സ്വീകരിച്ചുവരുന്നു. ടി പദ്ധതികൾക്കായി നടപ്പുവർഷം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

**പന്ത്രണ്ടാം നിയമസഭ**
**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 277**
**05.07.2007 ൽ മറുപടിയ്ക്ക്**

## സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അപകട ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശികുമാർ, ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ, ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ, ശ്രീ.കെ.ടി.ജലീൽ, ശ്രീ.വി.ശിവൻകുട്ടി | ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി |

| ചോദ്യം | ഉത്തരം |
|---|---|
| എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അപകട ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | ഉണ്ട്. വിശദാംശം വിശദീകരണക്കുറിപ്പായി കൊടുത്തിട്ടുണ്ട്. |
| ബി) വാർഷിക ഇൻഷ്വറൻസ് തുക എത്രയാണ്; | വാർഷിക ഇൻഷ്വറൻസ് തുക 50 രൂപയാണ്. |
| സി) പദ്ധതി ഏത് ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പിലാക്കുന്നത്; | പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) ജീവനക്കാർക്ക് ഇപ്പോൾ നിലവിലുള്ള സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണ്; | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയാണ് ജീവനക്കാർക്ക് ഇപ്പോൾ നിലവിലുള്ള സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികൾ. |
| ഇ) ഈ പദ്ധതികളെക്കാൾ പുതിയ പദ്ധതി മൂലം ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്? | മറ്റു പദ്ധതികളിൽ സർവീസിൽ നിന്ന് വിരമിക്കുമ്പോഴോ മരണപ്പെടുമ്പോഴോ മാത്രമേ ഇൻഷ്വറൻസ് തുക ലഭ്യമാകുന്നുള്ളൂ. എന്നാൽ ടി പദ്ധതി ജീവനക്കാരന് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. കൂടാതെ ഈ പദ്ധതിക്ക് മുടക്കേണ്ട വാർഷിക പ്രീമിയം വളരെ കുറവാണ്. അപകടത്തിൽ ജീവനക്കാരൻ മരണപ്പെടുകയോ, 2 കൈകാലുകളോ രണ്ട് കണ്ണുകളോ ഒരു കാലും കൈയും ഒരു കണ്ണും നഷ്ടപ്പെടുകയോ അല്ലെങ്കിൽ സ്ഥിരമായ പൂർണ്ണ വൈകല്യം സംഭവിക്കുകയോ ചെയ്താൽ 7 ലക്ഷം രൂപ (100%) നഷ്ടപരിഹാരമായി ലഭിക്കുന്നു. ഒരു കൈയോ കാലോ അല്ലെങ്കിൽ ഒരു കണ്ണോ നഷ്ടപ്പെട്ടാൽ 3.50 ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭിക്കുന്നു. |

T.V. [illegible]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :278

05/07/2007-ൽ മറുപടിക്ക്

പൂട്ടിക്കിടക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ബാബു പ്രസാദ്. എം.എൽ.എ.<br>ശ്രീ.എൻ. ശക്തൻ. എം.എൽ.എ.<br>ശ്രീ.എം.മുരളി.എംഎൽ.എ. | | ശ്രീ.എ.കെ..ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) | |
| എ. | പൂട്ടിക്കിടക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് കുടിശ്ശിക ഇനത്തിൽ എന്തു തുക നൽകാനുണ്ട്, | എ. | പൂട്ടിക്കിടക്കുന്ന എച്ച്.ടി./ ഇ.എച്ച്.ടി പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും 31.3.2007 വരെ 20,04,37,597/രൂപയും (ഇരുപത് കോടി നാല് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) എൽ.ടി. വിഭാഗത്തിൽ നിന്നും 9,66,924 രൂപ (ഒൻപതു ലക്ഷത്തി അറു പത്തി ആറായിരത്തി തൊള്ളായിരത്തി ഇരുപ ത്തിനാല് രൂപയും) ലഭിക്കാനുണ്ട്. |
| ബി. | ഈ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് വൈദ്യുതി കുടിശ്ശികയിൽ ഇളവു നൽകുന്ന തിന് നടപടി സ്വീകരിക്കുമോ; | ബി. | 30.6.2007 നകം തുറന്നു പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെയും പ്ലാന്റേഷനു കളുടെയും വൈദ്യുതിയുടെ മിനിമം ഡിമാന്റ് ചാർജ്ജ് പൂട്ടിക്കിടക്കുന്ന കാലത്തേക്ക് ഒഴിവാ ക്കികൊണ്ട് 24.2.2007 ൽ സർക്കാർ ഉത്തരവാ യിട്ടുണ്ട്. ഈ സർക്കാർ ഉത്തരവ് വൈദ്യുതി ബോർഡിൽ നടപ്പാക്കുന്നതിനു വേണ്ട ഉത്ത രവ് 21.4.2007 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളെ സംബന്ധിച്ച വിവരങ്ങൾ വിശദീരണ കുറിപ്പിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി. | ഈ കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യപ്രദമായ തവണ വ്യവസ്ഥകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | സി. | വൈദ്യുതി കുടിശ്ശിക അടച്ചു തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ സൗകര്യം (വൺ ടൈം സെറ്റിൽമെന്റ് സ്കീം) നിലവിലുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ഈ പദ്ധതിയനുസരിച്ച് ഉപഭോക്താവിന് 12% പലിശയോടുകൂടി ഒറ്റത്തവണയായോ 18% പലിശയോടുകൂടി 6 തവണകളായോ അടയ്ക്കാവുന്നതാണ്. എന്നാൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് മേൽ സൂചിപ്പിച്ച പലിശ നിരക്കിനെക്കാളും കുറഞ്ഞ നിരക്കിലും കൂടുതൽ തവണകൾ അനുവദിക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

Annexure I

# KERALA STATE ELECTRICITY BOARD

Abstract

Arrears of electricity charges – One Time Settlement as in the case of Adalath – Time extension – Orders issued.

**DISTRIBUTION PROFIT CENTRE**

**B.O. (FB)No. 1353/2007(DPC1/5/2006) dated TVPM, 12-06-2007.**

Read:- 1. B.O(FB) No. 2950/2006 (DPC1/5/2006) dated 29-11-2006.

2. Letter No. GB2/Rev/07-08/79 dated 12-04-2007 of the Deputy Chief Engineer, Electrical Circle, Palakkad.

3. Letter No. RB1/OTS/06-07/1*3 dated 09-04-2007 of the Deputy Chief Engineer, Electrical Circle, Tirur.

4. Proceedings of the Board Meeting dated 25-05-2007 (Agenda Item No. 249/2007).

## ORDER

Board vide its order read as 1st paper extended the One Time Settlement scheme upto 31-03-2007 and delegated to Deputy chief Engineers of Electrical Circles to settle cases of revenue arrears amounting upto Rs 1,00,000/- and authorized the Full Time Members to settle arrears above Rs. 1,00,000/-. Accordingly a large number of cases were settled. Huge amount of arrears were collected. Many consumers are approaching for settling the arrears through One Time Settlement Scheme. Deputy chief Engineers have requested to extend the period of One Time Settlement Scheme.

Having considered the matter, sanction is accorded to extend the One Time settlement scheme upto 30-09-2007 to settle arrears of electric charges.

The Board delegates the Deputy Chief Engineers of Electrical Circles with the power to settle revenue arrears upto a principal amount of Rs. 1,00,000/- (Rupees One Lakh only) with the following conditions:

a) Surcharge accrued on arrears can be reduced from 24% to 18%, if the consumer is ready to clear the arrears in six monthly instalments and to 12%, if the consumer is ready to clear all the arrears in one time.

b) Fixed charges demanded can be limited to a period of six months after disconnection, if the connection is dismantled.

c) No charges shall be levied after due date of dismantling except by way of minimum guarantee/rental liabilities, if the connection is dismantled.

d) Instalment facility granted if any shall not exceed six monthly instalments.

e) If instalment facility is allowed for remitting arrear amount, 25% arrears should be collected as 1st instalment and remaining may be allowed to be remitted in five instalments.

f) The date of remittance of the instalment shall be intimated to the consumer with due acknowledgement.

The Board also delegates the Chief Engineer (Distribution) to settle revenue arrears above Rs. 1,00,000/- but upto Rs. 2,00,000/- (Rupees Two lakh only) (Principal amount) as per the above guidelines.

The Board authorises the Full Time Members to settle arrears above Rs. 2,00,000/- as per the above guidelines.

By Order of the Board,
Sd/-
**M. SUBAIR.**
**(Secretary).**

To

The Chief Engineer (Distribution North), Kozhikode.
The Chief Engineer (Distribution Central) Ernakulam.
The Chief Engineer (Distribution South), Thiruvananthapuram.

Copy to:

The Inspector General of Police (Vigilance & Security) K.S.E.B.
The Financial Advisor/Chief Internal Auditor.
The Chief Engineer,.............................................................
The Resident Audit Officer.
The Director (MIS) (with soft copy of the B.O for publishing in the website)
The Deputy Secretary (Administration)/Joint Secretary(Law).
The Deputy Chief Engineer, Electrical Circle, ..........................
The TA to Chairman/Member (Distribution & Transmission).
The TA to Member (Generation).
The TA to Chief of Generation.
The PA to Member (Finance)/ Secretary.
The Fair Copy Superintendent/Library.
Stock File.

Forwarded / By Order

ASSISTANT ENGINEER.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 279 — 05.07.2007 -ൽ മറുപടിയ്ക്ക്

# വഴിയോര തണൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വഴിയോര തണൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ ; | (എ) ഉണ്ട്. വഴിയോരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2007 ജൂൺ 30-ന് നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മരങ്ങൾ ആണ് നടുന്നത് ; ഇതിനായി എത്ര വൃക്ഷത്തൈകൾ തയ്യാറാക്കിയിട്ടുണ്ട്; | (ബി) പ്രസ്തുത പദ്ധതി പ്രകാരം പൂമരുത്, കണിക്കൊന്ന, വേപ്പ്, നാടൻമാവ്, പുളി, കുടംപുളി, ആഞ്ഞിലി, പ്ലാവ്, ഞാവൽ, ഉങ്ങ്, ചാരുകൊന്ന, മഹാഗണി, കമ്പകം, ചമത, കശുമാവ്, മഴമരം, അരണമരം, അക്രോത്ത, മഞ്ഞക്കൊന്ന, ആൽ, ചെമ്പകം, ബദാം, ബേർഡ് ചെറി, ടക്കോമ, എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകൾ നടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി ഓരോ ജില്ലയിലും 10,000 തൈകൾ വീതം ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതാണ്. |
| (സി) ചെടികൾ നടുന്നതിനായി സ്ഥലങ്ങൾ നിർണ്ണയിച്ചിട്ടുണ്ടോ ; ഇവയുടെ സംരക്ഷണത്തിനായി തൊഴിലാളി സംഘടനകളുടെ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; | (സി) ചെടികൾ നടുന്നതിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നടുന്ന തൈകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രാദേശിക തലത്തിൽ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികളുടെ രൂപീകരണം നടന്നുവരുന്നു. |
| (ഡി) വഴിയോര തണൽ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോട്ടു വരുന്ന സന്നദ്ധ സംഘടനകൾക്ക് ആവശ്യമായ തൈകളും മറ്റു സഹായങ്ങളും ചെയ്തു കൊടുക്കുമോ ? | (ഡി) 'വഴിയോര തണൽ പദ്ധതി' ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്ത സഹകരണത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സന്നദ്ധ സംഘടനകൾക്ക് അവരുമായി സഹകരിക്കാവുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 280

05.07.2007 -ലെ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വീടുകളിലെ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>പ്രൊഫ. കെ. വി. തോമസ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| (എ) അഞ്ചു വർഷം കൊണ്ട് മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ വീടുകളിലും വൈദ്യുതി എത്തിക്കുവാൻ പദ്ധതിയുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര പട്ടികജാതി കുടുംബങ്ങളും പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുമുണ്ട്; | (ബി) പട്ടികജാതി കുടുംബങ്ങൾ :<br>- 7,09,143<br>പട്ടികവർഗ്ഗ കുടുംബങ്ങൾ<br>- 92,785<br>പട്ടികവർഗ്ഗ സെറ്റിൽമെന്റ്<br>- 4,082 |
| (സി) ഇവിടേക്ക് വൈദ്യുതി നിശ്ചിത കാലത്തിനകം എത്തിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ? | (സി) സംസ്ഥാനമൊട്ടാകെയുള്ള പട്ടികജാതി കോളനികളുടെ വൈദ്യുതീകരണത്തിനായി പട്ടികജാതി വികസന വകുപ്പ് 10 കോടി രൂപ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വകുപ്പ് നിർദ്ദേശിക്കുന്ന പട്ടികയനുസരിച്ചുള്ള വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത കോളനികളുടെ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് വൈദ്യുതി ബോർഡ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ചതിൽ 325.98 ലക്ഷം രൂപയുടെ ജോലികൾ ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 301.64 ലക്ഷം രൂപയുടെ ജോലികൾ ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവ ത്വരിതഗതിയിൽ ചെയ്തുവരുന്നു. [illegible] |

അനർട്ട് [illegible]
വൈദ്യുതി എത്താത്ത കോളനികൾ
വൈദ്യുതീകരിക്കുന്നതിന് പഞ്ചായത്ത്
തലം സ്വയംഭരണ സ്ഥാപനങ്ങൾക്ക്
Grant in aid ആയി നൽകിയ ഫണ്ടിൽ
നിന്നും, തനത് ഫണ്ടിൽ നിന്നും
പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ
വൈദ്യുതീകരണം ഏറ്റെടുക്കുവാൻ
നിർദ്ദേശം നൽകിയിട്ടുണ്ട്. M.P. MLA
പ്രാദേശിക വികസന ഫണ്ടിൽനിന്നും
വൈദ്യുതീകരണ പദ്ധതികൾക്ക്
മുൻഗണന കൊടുക്കുന്നതാണ്.
പട്ടികവർഗ്ഗ വികസന വകുപ്പ്
2006-07 വർഷത്തിൽ പ്ലാൻ / കോർപ്പസ്
ഫണ്ടിൽ നിന്നും 67 കോളനികൾ
വൈദ്യുതീകരിക്കുവാൻ 4.12.2006-ൽ
ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് [illegible]
നടന്നുവരുന്നു. K S E B യുടെ [illegible]
ഫണ്ടും ഇതിനായി [illegible]
ഈ പദ്ധതികൾ സംയോജിതമായി
ഏറ്റെടുത്ത് പട്ടികജാതി പട്ടികവർഗ്ഗ
കോളനികളെയും [illegible]
വൈദ്യുതീകരണം പൂർത്തീകരിക്കുവാൻ
ലക്ഷ്യമിട്ടിട്ടുണ്ട്.

Padmavathy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 281 | 5-07-2007-ലെ മറുപടിക്ക്

**വൈദ്യുതീകരണ ജോലികൾക്കാവശ്യമായ സാധന സാമഗ്രികൾ**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ. ജയരാജ് എം.എൽ.എ<br>ശ്രീ. സി. എഫ്. തോമസ് "<br>ശ്രീ. തോമസ് ഉണ്ണിയാടൻ " | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പു മന്ത്രി) |
| (എ) ഇലക്ട്രിസിറ്റി ബോർഡിൽ വൈദ്യുതീകരണ ജോലികൾക്കാവശ്യമായ സാധന സാമഗ്രികളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) ഇലക്ട്രിസിറ്റി ബോർഡിൽ വൈദ്യുതീകരണത്തിനാവശ്യമായ പ്രധാനപ്പെട്ട സാധന സാമഗ്രികളായ ട്രാൻസ്ഫോർമറുകൾ , എനർജി മീറ്ററുകൾ , കമ്പികൾ, ഏരിയൽ ബഞ്ച്ഡ് കേബിളുകൾ എന്നിവ കേന്ദ്രീകൃതമായി വാങ്ങി, സർക്കിളുകളിലേക്കും ഡിവിഷനുകളിലേക്കും വിതരണം ചെയ്യുന്നു. സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി മറ്റിനങ്ങൾ വാങ്ങുവാൻ അതാത് മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് അധികാരം വികേന്ദ്രീകരിച്ച് നൽകിയിട്ടുണ്ട്. സിമന്റ് പോസ്റ്റുകൾ, ക്രോസ് ആമുകൾ തുടങ്ങിയ ലൈൻ മെറ്റീരിയൽ കോട്ടയത്തിനടുത്ത് പള്ളത്തുള്ള സെൻട്രൽ മെക്കാനിക്കൽ യൂണിറ്റിലും അങ്കമാലിയിലും കോഴിക്കോട്ടും ഉള്ള അതിന്റെ രണ്ട് അനുബന്ധ യൂണിറ്റുകളിലും നിർമ്മിച്ചുവരുന്നു. ഇത്തരം ലൈൻ മെറ്റീരിയൽസിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി ഈ സാമ്പത്തിക വർഷം ഉരുക്കു സാമഗ്രികൾ വാങ്ങുവാനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സിവിൽ സർക്കിൾ പള്ളത്തിന്റെ സാമ്പത്തിക അധികാര പരിധി രണ്ട് കോടി രൂപയായി കൂട്ടി നൽകിയിട്ടുണ്ട്. |

കഴിഞ്ഞ സാമ്പത്തിക വർഷം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള വാർഷിക സാമ്പത്തിക അധികാര പരിധി 50 ലക്ഷം രൂപ വരെയായി കൂട്ടി നൽകിയിട്ടുണ്ട്. ആവശ്യമെന്നു കണ്ടാൽ ഈ സാമ്പത്തിക വർഷവും ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കുമുള്ള അധികാരങ്ങൾ കൂട്ടി നൽകുവാൻ ഉദ്ദേശിക്കുന്നു. ഏതെങ്കിലും ജില്ലകളിൽ സാധന സാമഗ്രികളുടെ കുറവ് അനുഭവപ്പെട്ടാൽ അവ അധികമുള്ള മറ്റ് ജില്ലകളിൽ നിന്നും മാറ്റി നൽകി കുറവ് അപ്പപ്പോൾ തന്നെ പരിഹരിക്കുന്നുണ്ട്.

വൈദ്യുതി ബോർഡിന് ആവശ്യമായ മെറ്റീരിയൽസ് പരമാവധി പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് വാങ്ങാനാണ് നിർദ്ദേശിച്ചത്. പൊതുമേഖലയ്ക്ക് നൽകാൻ കഴിയാത്ത സാധനങ്ങൾ മാത്രം ടെണ്ടർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നു.

സെക്ഷൻ ഓഫീസർ

A QNo. 281



# KERALA STATE ELECTRICITY BOARD

**Abstract**

Urgent requirement of raw materials to achieve the target for 2006-07 Request for Enhancement of financial power - Sanctioned - Orders issued.

**DISTRIBUTION PROFIT CENTRE**

B.O.(FB)No. 1110/2007(DPC-II/Purchase Power-Civil/06-07) dated, Trivandrum, 09-05-2007.

Read: 1. B.O(FB) No. 3236/2006(DPC-II/Purchase Power-Civil Circle/06-07) dated 27-12-2006.
2. Letter no. DB-10/4/88/PN/335/03-01-2007 and dtd. 12-03-2007 of the Deputy Chief Engineer, Civil Circle, Pallom.
3. Remarks of Financial Advisor dtd. 12-02-2007.
4. Proceedings of the Board Meeting dated 19-04-2007.

**ORDER**

The financial power for local purchase of Deputy Chief Engineer, Civil Circle, Pallom has been enhanced to Rs. 50 lakhs from the existing annual limit of Rs. 12 lakhs for 2006-07 vide B.O. read as 1st paper.

The Deputy Chief Engineer, Civil Circle, Pallom vide paper read as reference (2) had reported that the above limit is not sufficient to arrange purchase to meet the urgent requirements from various Electrical Circles & Transmission wing. If full capacity of units viz CMF, Pallom, MF-I, Angamaly, MF-II, Kozhikode are utilized, the monthly average requirement of raw materials will be 1450 MT. At this juncture, the Deputy Chief Engineer, Civil Circle, Pallom has requested to amend B.O read as reference (1) by enhancing the purchase power to Rs. 50 lakhs from Rs. 2 lakhs at a time.

Having considered the matter in detail, Board sanction is accorded :

i) - to entrust the Chief Engineer, TC & M to purchase the required quantity of steel for CMD, Pallom after observing all formalities.

ii) to enhance the delegated financial power of the Deputy Chief Engineer, Civil Circle, Pallom to Rs. 50 lakhs at a time for purchasing steel from Government Companies, Steel Authority of India and Visakhapattanam Steel Plant (SAIL & VSP) to ensure timely supply of raw materials for achieving the targeted production. This enhanced power will be valid only for the period ending on 31-03-2008 and also subject to an annual ceiling limiting to Rs. 2.5 crores.

By Order of the Board,
Sd/-
M. SUBAIR

To

The Chief Engineer, TC & M.
The Chief Engineer, Distribution (South/Central/North).
The Deputy Chief Engineer, Electrical Circle, Pallom.

Copy to

The Deputy Chief Engineer, Electrical Circle,
The Director (MIS),
The Financial Advisor/Chief Internal Auditor.
The TA to Chairman/Member (Distribution)/Member(Transmission).
The TA to Member (Generation).
The TA to Chief of Generation.
The PA to Member (Finance)/ Secretary.
The Fair Copy Superintendent/Library.
Stock File.

Forwarded / By Order

ASSISTANT EXECUTIVE ENGINEER.

*Q No. 281*



# KERALA STATE ELECTRICITY BOARD

**Abstract**

Purchase of decentralized items for immediate requirement - Sanctioned - Orders issued.

**DISTRIBUTION PROFIT CENTRE**

**B.O.(FM)No. 194/2007(DPC-II/Purchase Power/2006-07) dated, Trivandrum, 23-01-2007.**

Read: 1. *B.O. (FB) No: 3115/2004(CE/TCM/Genl./2004-05) dated 08-12-2004*

2. *B.O(FB)No. 2503/2006(DPC-II/Purchase Power/06-07) dtd. 05-10-2006.*
3. *Letter No. AE2/Purchase/06-07/154 dated 20-11-2006 of the Deputy Chief Engineer, Electrical Circle, Kollam.*
4. *Letter No. CE(DC)/I/15/Purchase/06-07/5507 dated 12-12-2006 of the Chief Engineer (Distribution Central).*
5. *Proceedings of the Board Meeting dated 09-01-2007.*

**ORDER**

The purchase of following 48 items were decentralized as per Board Order read as reference (1):

| Sl.No | Items |
|---|---|
| 1. | 2 line x arm with clamp and Bolt & Nut |
| 2. | 4 line x arm with clamp and Bolt & Nut |
| 3. | V cross arm with clamp and Bolt & Nut |
| 4. | 1.8m cross arm with clamp and Bolt & Nut |
| 5. | 2.4m cross arm with clamp and Bolt & Nut |
| 6. | 3m cross arm with clamp and Bolt & Nut |
| 7. | Stay rod 20mm |
| 8. | HT Stay insulator |
| 9. | Stay Plate |
| 10. | G.I. Stay wire 7/3.15 |
| 11. | Stay Tighter |
| 12. | M.S. Cleat |
| 13. | 11kV Disc Insulator |
| 14. | 11kV Pin Insulator with G.I.Pin |
| 15. | Metal parts for Disc Insulator |
| 16. | Pole top bracket |
| 17. | G.I. Earth Pipe |
| 18. | AB Switch 400A & 200A |
| 19. | 100 A fuse unit |
| 20. | 200 A fuse unit |
| 21. | 300 A fuse unit |
| 22. | 11kV Lightning arrestor |
| 23. | LT Lightning Arrestor |
| 24. | LT shackle with strap & Bolt and Nut |
| 25. | LT Pin Insulator with G.I. Pin |
| 26. | LT stay rod |
| 27. | LT stay insulator |
| 28. | Stay Block |
| 29. | G.I. Stay wire 7/2.5mm |
| 30. | G.I. Wire 4mm |

| | |
|---|---|
| 31. | *G.I. wire 2.8mm* |
| 32. | *Weather Proof wire 1/1.8 T.C* |
| 33. | *Weather Proof wire 1/ 2.8 T.C* |
| 34. | *Weather Proof wire 1/1.5 S.C* |
| 35. | *D.O. fuse* |
| 36. | *Fuse unit 32A* |
| 37. | *Fuse unit 16A* |
| 38. | *Tube light fittings* |
| 39. | *Pipe fittings for Tube light* |
| 40. | *Pipe fittings for ordinary light* |
| 41. | *DC reflector with nipple and holder* |
| 42. | *Textiles (uniform clothes)* |
| 43. | *Packing clamp G.I* |
| 44. | *XLPE LT SC 185sq.mm cable* |
| 45. | *XLPE LT SC 120sq.mm cable* |
| 46. | *XLPE LT SC 95sq.mm cable* |
| 47. | *XLPE LT SC 50sq.mm cable* |
| 48. | *XLPE LT SC 25sq.mm cable* |

Sanction was accorded to the Deputy Chief Engineer's of Electrical Circles for the purchase of following materials required for the works under MP/MLA LAD, PHS & APDRP Schemes upto 31-03-2007 by inviting tenders/quotations as the case may be, from experienced manufactures & suppliers, at the same rate or below the rate purchased by the Distribution Chief Engineers during the financial year limiting the amount to their delegated powers vide B.O read as (2). In extreme and emergent cases 10% variation can be allowed for which ratification from Full Time Members shall be obtained.

1) *LT shackle with strap Bolt & Nuts.*
2) *LT stay insulator*
3) *LT Pin insulator with pin*
4) *Packing clamp*
5) *11kV Disc Insulator*
6) *Metal parts for the above.*
7) *11kV Pin & insulators*
8) *11kV stay insulators*
9) *11kV lightning arrestors.*
10) *VX-arm with clamp*
11) *AB switches*
12) *Lightning Arrestors*
13) *2.5sq.mm Weatherproof wire*
14) *1.5 sq.mm Weatherproof wire*

The Chief Engineer (Distribution Central) vide letter read as reference (4) has requested to issue sanction to Deputy Chief Engineers to arrange purchase of all 48 items at the earliest since some of the Deputy Chief Engineers

under Central region had arranged purchase of items that are not included in the Board Order read as reference (2) but included in the decentralized list of materials.

Also Deputy Chief Engineer, Electrical Circle, Kollam vide letter read as reference (3) has reported that he had arranged purchase of copper control cable of size 4 core x 4 sq.mm & 2 core x 2.5sq.mm. This item is not included in the 14 items listed above. But the purchase cannot be postponed, as it will affect the progress of APDRP work. Hence Deputy Chief Engineer, Electrical Circle, Kollam has requested permission for purchase of all the essential items.

Having considered all the above, sanction is accorded to:

1) the Deputy Chief Engineers of Electrical Circles to purchase upto 31-03-2007 all the 48 items the purchase of which was decentralized and to modify to that extent the Board Order No. (FB) 2503/2006 (DPC-II/Purchase Power/06-07) dated TVPM 05-10-2006 allowing purchase of 14 items.

2) ratify the action of the Deputy Chief Engineer, Electrical Circle, Kollam in purchasing of copper control Cables of sizes 4 crore x 4 sq.mm and 2 core x 2.5 sq. mm which are not included in the decentralized items.

This special power is granted up to 31-03-2007 for expediting timely completion of distribution projects and to achieve targets fixed for 2006-07.

By Order of the Board,
Sd/-
**M. SUBAIR.**
**(Secretary).**

To

The Chief Engineer, Distribution(South/Central/North), The [illegible]
All the Deputy Chief Engineers.

Copy to:

The Director (MIS)
The Financial Advisor/Chief Internal Auditor.
The TA to Chairman/Member (Distribution)
The TA to Member (Transmission)/Member (Generation)
The TA to Chief of Generation,
The PA to Member (Finance)/ Secretary.
The Fair Copy Superintendent/Library.
Stock File.

Forwarded / By Order

ASSISTANT EXECUTIVE ENGINEER.

A O No. 281

# KERALA STATE ELECTRICITY BOARD

## ABSTRACT

Procurement of distribution materials- Decentralization of purchase of materials to Chief Engineers of distribution wing- sanctioned orders issued.

Corporate office (Technical, Contract and Materials Wing)

B.O(FB)No: 3115/2004 (CE/TCM/Genl./2004-05) Dated,Thiruvananthapuram 08.12.04

Read:- 1. Note No.CE/TCM/Genl./2004-05 /dated 11.8.2004 and 25.10.2004 of the Chief Engineer (T,C&M).
2. Note No.MD/Genl./dated 17.09.2004 of Member (Distribution)
3. Proceedings of the Board meeting dated 31.10.2004 (AI 192/2004)

## ORDER

1. Procurement of distribution materials in K.S.E.Board has been done almost in a centralized manner for a long time through Chief Engineer (T,C&M). But for the last 2 to 3 years this system is not functioning perfectly to cope with the developmental activities undertaken by the Board, that many a work are delayed inordinately for want of timely availability of sufficient materials. This is mainly due to the heavy work load in the office of the Chief Engineer (T,C&M).

2. Serious concern was expressed by MPs, MLAs, Panchayat Authorities and Government over the delay in executing the works.

3. Decentralization of procurement of materials to Regional Distribution Profit Centre heads is suggested by Chief Engineer (T,C&M) to ease this situation on the following grounds.

- Ease the procurement procedure in the office of the Chief Engineer (T,C&M) and give better focus to other items.

- Procure only as per need at field level to keep inventories low and make availability of materials just in time of requirement only.

4. The items for decentralization are selected through a study conducted on the basis of previous requirements and utilizations importance and availability at local level etc and sorted in a descending order of procurement costs.

5. Considering the above facts Member (Distribution) recommend of Chief Engineer (T,C&M) to decentralize the procurement of fo Chief Engineers of Distribution wing in order to avoid delay in works.

6. Accordingly the Board hereby decided to accord sanction to decentr procurement and to delegate duties and powers to Chief Engineers of R Distribution Profit Centres to procure items (mentioned below) subject to condition that the Chief Engineers of Regional Profit Centres shall strictly foll the store purchase Rules and Procedures applicable in the Board. Before issuing orders, the balance materials available at Regional Stores and Circle stores shall be verified and ensured that the particular items are not available in excess of requirement. Care shall be taken by the Controlling Officer to verify the rates offered in the other regions.

| Sl.No. | Items |
|---|---|
| 1 | 2 line X arm with clamp and Bolt & Nut |
| 2 | 4 line X arm with clamp and Bolt & Nut |
| 3 | V cross arm with clamp and Bolt & Nut |
| 4 | 1.8m cross arm with clamp and Bolt & Nut |
| 5 | 2.4m cross arm with clamp and Bolt & Nut |
| 6 | 3m cross arm with clamp and Bolt & Nut |
| 7 | Stay rod 20mm |
| 8 | HT Stay insulator |
| 9 | Stay plate |
| 10 | G.I.Stay wire 7/3.15 |
| 11 | Stay Tightner |
| 12 | M.S.Cleat |
| 13 | 11kV Disc Insulator |
| 14 | 11kV Pin Insulator with G.I.Pin |
| 15 | Metal parts for Disc insulator |
| 16 | Pole top bracket |
| 17 | G.I. Earth Pipe |
| 18 | AB Switch 400A & 200A |
| 19 | 100 A fuse unit |
| 20 | 200 A fuse unit |
| 21 | 300A fuse unit |
| 22 | 11kV Lightning arrestor |
| 23 | LT Lightning Arrestor |
| 24 | LT shackle with strap & Bolt and Nut |
| 25 | LT Pin Insulator with G.I.Pin |
| 26 | LT stay rod |
| 27 | LT stay insulator |
| 28 | Stay Block |
| 29 | G.I.Stay wire 7/2.5mm |

| | |
|---|---|
| 30 | G.I.wire 4mm |
| 31 | G.I.wire 2.8mm |
| 32 | Weather Proof wire 1/1.8 T.C |
| 33 | Weather Proof wire 1/ 2.8 T.C |
| 34 | Weather proof wire 1/1.5 S.C. |
| 35 | D.O fuse |
| 36 | Fuse unit 32A |
| 37 | Fuse unit 16A |
| 38 | Tube light fittings |
| 39 | Pipe fittings for Tube light |
| 40 | Pipe fittings for ordinary light |
| 41 | DC reflector with nipple and holder |
| 42 | Textiles (uniform clothes) |
| 43 | Packing clamp G.I. |
| 44 | XLPE LT SC 185sq.mm cable |
| 45 | XLPE LT SC 120sq.mm cable |
| 46 | XLPE LT SC 95sq.mm cable |
| 47 | XLPE LT SC 50sq.mm cable |
| 48 | XLPE LT SC 25sq.mm cable |

7. This order will come into effect from 1.1.2005.

By Order of the Board
Sd/-
A.Ramanujan
Secretary

To

The Chief Engineer (T,C&M)
The Chief Engineer (South, Central and North)

Copy to:-

All Chief Engineers.
The Financial Advisor/ Chief Internal Auditor
The director (MIS)
TA to the Chairman/ the Member (Distribution)/ the Member (Transmission & Generation)
PA to the Secretary / the Member (Finance)
The Fair copy Superintendent, Board Secretariat
TA to the Chief Engineer (T,C&M)
Stock file.

Forwarded / By order

Assistant Executive Engineer

Yu/9.12.2004(3)

 ☆ Q.No. 281

# KERALA STATE ELECTRICITY BOARD

Abstract

Delay in execution of works under MP/MLA LAD, APDRP & PPS Schemes - purchase of fast moving items for immediate requirement – Enhancement of purchase limit – Sanctioned – Orders issued:

**DISTRIBUTION PROFIT CENTRE**

B.O.(FB)No.2503/2006(DPC-II/Purchase Power/06-07) Dtd. Thiruvananthapuram, 05-10-2006.

*Read:-*
1. *B.O.(FM)No.296/2006(DPC-II/Misc-65/2003)dated. 31-01-04*
2. *B.O.(FB)No.698/2006(DPC-II/Power Purchase/05-06) dated 03-03-06.*
3. *B.O.(FB)No.2180/2006(DPC-II/Target/06-07) dated19-08-06.*
4. *Letter No. CE(DC)/1/15/Purchase/05-06/920, dated 28-06-06 of the Chief Engineer (Distribution-Central).*
5. *Proceedings of Agenda item No. 187/2006.*

**ORDER**

APDRP Town Schemes- (26 towns + 7 towns) and 13 new towns are to be completed within 30-09-2006 and 31-03-2007 respectively. For these works, since the fund release from Government of India is based on actual work execution, time bound execution is essential for receiving full amount in time. The existing setup would not be sufficient to ensure enough supply of materials to complete all the pending works under the above schemes before the target dates. Also, the people's representatives want the works of Local Self Government Bodies to be done fast, since there is huge blocking of funds.

Besides, the Govt. has taken a policy decision to the effect that, all the pending service connections should be given before 2007 itself & hence the target for normal OH service connections and OTP OH service connections has been extended upto 31-12-2005 and cut off date for Priority Instalment Scheme upto 30-6-2006 vide Board Order under reference (3).

As per terms & conditions of supply 2005 published by KSERC on 2-3-05, Board shall complete the works in time frame of 30 days for LT OH line per kilometre after receipt of required amount in full from the applicant.

For speedy execution of works, timely supply of materials will have to be ensured and for that it is suggested to enhance the annual purchase limit of Deputy Chief Engineers of Electrical Circles to Rs. 50 lakhs from the existing financial limit of Rs. 25 lakhs for this financial year also.

Sanction for enhancing the financial limit of purchase to Rs.50 lakhs has been issued vide Board Order under reference (2) to the Deputy Chief Engineers of El...

The Chief Engineer (Distribution-Central) vide letter under reference (4) has requested the following:

For speedy completion of pending work such as PPS, MP/MLA LAD work, APDRP work and other targetted works, it is quite essential to sanction orders directing the Deputy Chief Engineers of Electrical Circles for the purchase of the certain materials required for the work as above after inviting tenders/quotations from experienced manufacturers and suppliers at the same rate or below the rates purchased by Distribution Chief Engineers during the financial year, in order to overcome the delay in execution of MP/MLA LAD and PPS Scheme due to shortage of materials arrived at after verifying with Regional Stores. In extreme and emergent cases 10% variation may also be permitted. It may be noted that sanction in this regard, has already been issued vide Board Order under reference (1) for the financial year 2003-04.

The Chief Engineer has also requested to enhance the delegation of powers under waiver of tender from 1 lakh to 2 lakhs for the Deputy Chief Engineers and from 2 lakhs to 4 lakhs for the Chief Engineers.

For implementing various schemes, time bound supply of materials is highly essential and for this more power will have to be delegated to Deputy Chief Engineers for local purchases as in previous year.

Having considered all the above, sanction is accorded to :

i) enhance the financial power for local purchase of Deputy Chief Engineers of Electrical Circles to Rs. 50 lakhs from the existing financial limit of Rs. 25 lakhs, for procuring essential materials locally as required, for the financial year 2006-07, in order to complete works relating to APDRP Town Scheme (26 towns + 7 towns & 13 Towns) PPS (KDS), MP/MLA-LAD scheme and for other works targetted on or before 31-03-2007.

ii) the Deputy Chief Engineers, Electrical Circles for the purchase of following materials required for the works under MP/MLA LAD, PPS & APDRP Schemes upto 31-03-2007 by inviting tenders/quotations as the case may be, from experienced manufactures & suppliers, at the same rate or below the rate purchased by the Distribution Chief Engineers during the financial limiting the amount to their delegated powers. In extreme and emergent cases 10% variation can be allowed for which ratification from Full Time Members shall be obtained.

1. LT shackle with strap B & N
2. LT stay insulator
3. LT pin insulator with pin
4. Packing clamp
5. 11kV Disc Insulator
6. Metal parts for the above
7. 11kV pin & insulators
8. 11kV stay insulators
9. 11 kV lightning arrestors
10. V cross arm and clamps
11. AB switches
12. Lightning Arrestors
13. 2.5mm2 weatherproof wire
14. 1.5 mm2 weatherproof wire

iii) enhance the delegation of powers of Deputy Chief Engineers of Electrical Circles for limited tender from Rs. 1 lakh to Rs. 3 lakh and to enhance the delegation of powers of Chief Engineers for limited tender from Rs. 2 lakh to Rs. 5 lakh. This enhanced power will be valid only for the period ending on 31-03-2007 and it has been given with a view to complete the all targetted works in time.

**By Order of the Board**
**Sd/-**
**C.U. Mathai,**
**(Secretary).**

To

The Chief Engineer, (Distribution-South/Central/North)
The Deputy Chief Engineers, Electrical Circles.

Copy to:

The Chief Engineer (TC & M).
The Chief Engineer (Corporate Planning).
The Chief Engineer (Commerce & Tariff)
The Director (MIS).
The Financial Advisor/Chief Internal Auditor.
The TA to Chairman.
The TA to Member (Distribution)/Member (Transmission).
The TA to Member Generation.
The PA to Member (Finance). Secretary.
The Fair Copy Superintendent/Library.
Stock File.

Forwarded / By Order

**Assistant Engineer.**

Sathish_APDRP_25-09-2006.

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 282 05.07.2007 ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ കീഴിലുള്ള ഐ.റ്റി.സി. കൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. വി. സുരേന്ദ്രൻപിള്ള :<br>ശ്രീ. പി.ജെ. ജോസഫ് : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ കീഴിൽ സംസ്ഥാനത്ത് എത്ര ഐ.റ്റി.സി.കൾ പ്രവർത്തിച്ചു വരുന്നുണ്ട് ; | (എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഐ.റ്റി.സികളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 3 ഐ.റ്റി.സി. കളും പ്രവർത്തിച്ചു വരുന്നു. |
| (ബി) ഇത്തരം ഐ.റ്റി.സി.കളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പഴയതും കാലഹരണപ്പെട്ടതുമായ ട്രേഡുകളാണ് ഈ ഐ.ടി.സി.കളിൽ നിലവിലുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |

(തുടർച്ച .....2-ാം പേജ്)

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) കാലാനുസൃതമായി കോഴ്സുകൾ പരിഷ്കരിക്കുന്നതിനും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

**(ഡി) & (ഇ)**

ഐ.ടി.സി.കളിലെ കോഴ്സുകൾ എൻ.സി.വി.റ്റി.യുടെ സിലബസ് അനുസരിച്ചാണ് നടപ്പാക്കുന്നത്. കാലാകാലങ്ങളിൽ ടി കോഴ്സുകൾ എൻ.സി.വി.റ്റി. പരിഷ്കരിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 6 ഐ.റ്റി.സി.കളിൽ കമ്പ്യൂട്ടർ കോഴ്സ് തുടങ്ങുന്നതിനും, കോഴിക്കോട് ജില്ലയിലെ എലത്തൂർ ഐ.ടി.സിയിൽ ഡ്രൈവർ-കം-മെക്കാനിക് ട്രേഡും കോട്ടയം ജില്ലയിലെ മധുരവേലി ഐ.റ്റി.സിയിൽ ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സിസ്റ്റം മെയിന്റനൻസ്, ഇന്റീരിയർ ഡെക്കറേഷൻ ആന്റ് ഡിസൈനിംഗ് എന്നീ രണ്ടു കോഴ്സുകളും കണ്ണൂർ ജില്ലയിലെ അഴീക്കോട് പി.സി.റ്റി.സി.യെ ഐ.റ്റി.സി.യായി ഉയർത്തി വെൽഡർ ട്രേഡ് തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.കളിൽ ആധുനിക കോഴ്സുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു പകരം, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തൊഴിൽ സാധ്യതയുള്ള ട്രേഡുകളുള്ള മറ്റ് സർക്കാർ/അംഗീകൃത സ്ഥാപനങ്ങളിൽ അയച്ച് പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) ഐ.റ്റി.സി കളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

(എഫ്) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.കളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 8 ഐ.റ്റി.സി. കളെ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.സികൾ ആക്കുന്നതുൾപ്പെടെ വിവിധ ഐ.റ്റി.സി.കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം 2,63,91,549/- രൂപയുടെ (180,28,000 + 83,63,549) ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 283** | **05.07.2007 -ൽ മറുപടിയ്ക്ക്**

**പൊതു സ്ഥലങ്ങളിൽ മരം നട്ടു വളർത്തുവാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നാഷണൽ ഹൈവേയുൾപ്പെടെയുള്ള വീഥികൾക്കിരുവശവും തണൽ വൃക്ഷങ്ങളായി ഫലവൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും നട്ടു വളർത്തുവാൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ ; | (എ) 'വഴിയോര തണൽ' എന്ന പദ്ധതി ഇതിനായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) പൊതു സ്ഥലങ്ങൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ പരിസരങ്ങളിൽ ഫലവൃക്ഷങ്ങളോടൊപ്പം ഔഷധവൃക്ഷങ്ങളും വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) പൊതു സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങളോടൊപ്പം ഔഷധ വൃക്ഷതൈകളും പൊതുജനപങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്ന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ പരിസരങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിന് ഈയിനങ്ങളിൽപ്പെട്ട വൃക്ഷതൈകൾ സൗജന്യമായും വിലയ്ക്കും വനംവകുപ്പ് നൽകി വരുന്നുണ്ട്. |
| (സി) തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ ഔഷധസസ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നട്ടു വളർത്താൻ വനംവകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് ; | (സി) ഈ ആവശ്യത്തിനായി സഹായങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ തൽക്കാലം നിലവിലില്ല. |
| (ഡി) സഹായമൊന്നും നൽകിയില്ലെങ്കിൽ ധനസഹായം നൽകുന്നതിനും നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) എന്നാൽ നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡും ഇത്തരം പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. വനംവകുപ്പ് ഔഷധവൃക്ഷ-തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 284 05.07.2007 ൽ മറുപടിയ്ക്ക്

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.സുധാകരൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഊർജ്ജലഭ്യത ഉറപ്പാക്കുന്നതിനായി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഊർജ്ജമേഖലയുമായി ചേർന്നു നടപ്പാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ പദ്ധതിയാണ് "സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ". പതിനൊന്നാം പദ്ധതിയിലെ ഊർജ്ജലഭ്യത ലക്ഷ്യമായി ആസൂത്രണ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് പ്രതിവർഷം ഒരു കുടുംബത്തിന് കുറഞ്ഞത് 365 യൂണിറ്റ് വൈദ്യുതിയും 8 സിലിണ്ടർ എൽ.പി.ജി. യ്ക്കു തുല്യമായ പാചക ഊർജ്ജവും ലഭ്യമാക്കുകയാണ്. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ കുറഞ്ഞ ഊർജ്ജ ലഭ്യതയെങ്കിലും ഉറപ്പാക്കുകയാണ് മിഷൻ ലക്ഷ്യമാക്കുന്നത്. സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക, മുൻ പറഞ്ഞ പോലെ പ്രതിദിനം ഒരു കുടുംബത്തിന് കുറഞ്ഞത് ഒരു യൂണിറ്റ് എന്ന നിരക്കിൽ വൈദ്യുതിയും പാചകാവശ്യങ്ങൾക്ക് പ്രതിമാസം ആളോഹരി രണ്ടു കിലോഗ്രാം പാചകവാതകത്തിനു തുല്യമായ താപോർജ്ജവും ലഭ്യമാക്കുക, പൊതു സ്ഥാപനങ്ങൾക്കും ചെറുകിട സംരംഭങ്ങൾക്കും ആവശ്യമായ |

ഊർജ്ജം ലഭ്യമാക്കുക, ഇവയൊക്കെ നടപ്പാക്കുന്നതിനായി അക്ഷയ ഊർജ്ജസ്രോതസ്സുകളുടെ വികസനത്തിലൂടെയും ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിലൂടെയും സംസ്ഥാനത്തിന്റെ ഊർജ്ജലഭ്യത വർദ്ധിപ്പിക്കുക തുടങ്ങിയവയും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഊർജ്ജവകുപ്പിനു കീഴിലുള്ള അനെർട്ട്, ഇ.എം.സി, കേന്ദ്ര സർക്കാരിന്റെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന, ദേശീയ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പരിപാടികളുമായി സംയോജിപ്പിച്ചു കൊണ്ടുമായിരിക്കും മിഷൻ പ്രവർത്തിക്കുക. പ്രാദേശികതലത്തിൽ ഇതുമായി ബന്ധപ്പെട്ട വിവിധ സ്രോതസ്സുകളിൽ നിന്നും വിഭവ സാദ്ധ്യതകൾ കണ്ടെത്തി അനുസൃതമായ പ്രോജക്ടുകൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് നടപ്പാക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പതിനൊന്നാം പദ്ധതിക്കാലത്ത് മുന്തിയ പരിഗണന നൽകി നടപ്പാക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഒരു എനർജിപ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഊർജ്ജ സുരക്ഷാ മിഷനുമായി ബന്ധപ്പെടുത്തി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഊർജ്ജ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പദ്ധതിയുമായി ബന്ധപ്പെടുത്തിയുള്ള പരിശീലന പരിപാടികളും ആരംഭിച്ചു കഴിഞ്ഞു.

Wilfred.T

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 285

5. 7. 2007-ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യങ്ങളുടെ പ്രജജനം നടക്കുന്നത് എപ്പോഴാണ് ; | എ) കേരളത്തിന്റെ തീരക്കടലിൽ, ജൂൺ മുതൽ സെപ്തംബർ വരെയുള്ള മൺസൂൺ കാലത്താണ് മത്സ്യങ്ങളുടെ പ്രജനനം നടക്കുന്നത്. |
| ബി) സംസ്ഥാനത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തേണ്ടത് ഏതു കാലത്താണെന്നാണ് പരമ്പരാഗത മത്സ്യ തൊഴിലാളികളും ബോട്ടുടമാസംഘവും ആവശ്യപ്പെടുന്നത്; | ബി) സംസ്ഥാനത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തേണ്ടത് മൺസൂൺ കാലത്താവണമെന്നാണ് പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ ആവശ്യം. ബോട്ടുടമാ സംഘം ആവശ്യപ്പെടുന്നത് നവംബർ-ഡിസംബർ മാസങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തണമെന്നാണ്. |
| സി) ഇതനുസരിച്ച് ട്രോളിംഗ് നിരോധന കാലത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ? | സി) ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിച്ച് ആവശ്യമായ ശുപാർശ സമർപ്പിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 286 05-07-2007-ലെ മറുപടിക്ക്.

## വാണിജ്യ കാർഷിക സംരംഭങ്ങൾ തുടങ്ങുവാൻ സഹായ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ്.<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. പ്രൊഫ:എൻ.ജയരാജ്. | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാണിജ്യ - വ്യവസായ - കാർഷിക സംരംഭങ്ങൾ തുടങ്ങുവാൻ പ്രത്യേക സഹായ പദ്ധതികൾ നിലവിലുണ്ടോ ; | (എ) നിലവിലുണ്ട്.<br>(പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) |
| (ബി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി)ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാണിജ്യ വ്യവസായ കാർഷിക സംരംഭങ്ങൾ തുടങ്ങുവാൻ വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) സ്വയം തൊഴിൽ പദ്ധതി.

(2) വ്യവസായ വായ്പ.

(3) ഷോപ്പിംഗ് കോംപ്ലക്സ്

(4) പ്രത്യേക ഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായം.

(5) വനിതാ സംരംഭങ്ങൾ സ്വയം സഹായ സംഘങ്ങളിലൂടെ ഏറ്റെടുത്തു നടപ്പാക്കുന്നതിനുള്ള പദ്ധതി.

(6) ക്ലസ്റ്റർ വികസനം പരിപോഷിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം.

(7) കർഷക തൊഴിലാളികൾക്ക് ഭൂമി അനുവദിക്കൽ.

(8) സഹകരണ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായം.

(9) ചെറുകിട കച്ചവടങ്ങൾക്ക് ലോൺ.

(10) ചെറുകിട സംരംഭകർക്കുള്ള ധനസഹായ പരിപാടി.

(11) ഗുണഭോക്താവിനെ ആസ്പദമാക്കിയുള്ള പദ്ധതി.

(12) തൊഴിലധിഷ്ഠിത പരിപാടി.

(13) മിനി വെഞ്ചർ പദ്ധതികൾ.

(14) മഹിള സമൃദ്ധി യോജന

(15) മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് പദ്ധതി.

(16) കർഷകതൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി (എൻ.എസ്.എഫ്.ഡി.സി)

(17) ആദിവാസി മഹിളാ ശക്തീകരൺ യോജന

(18) ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി.

(19) സ്മോൾ എന്റർ പ്രൈസസ് പദ്ധതികൾ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.287 5.7.2007-ൽ മറുപടിയ്ക്ക്

## തീരദേശ കുടിവെള്ള പദ്ധതി

ചോദ്യം

ശ്രീ.എ.എം.ആരിഫ് :
ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.ആർ.സെൽവരാജ് :
ശ്രീ.എം.കെ.പുരുഷോത്തമൻ :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) തീരദേശമേഖലയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ, | (എ) ഉണ്ട്. തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. 1. 10-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതി. 2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന തീരസമൃദ്ധി പദ്ധതി. 3. സുനാമി അടിയന്തിരസഹായ പദ്ധതി/ സുനാമി പുനരധിവാസപദ്ധതി എന്നിവയിലുൾപ്പെടുത്തിയുള്ള കുടിവെള്ള പദ്ധതികൾ. |
| (ബി) തീരദേശ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്. തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 31.85 ലക്ഷം രൂപ ചെലവഴിച്ച് ചെല്ലാനം സൗത്ത്, മുളവുകാട്, കടമക്കുടി എന്നിവിടങ്ങളിൽ ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) സുനാമി ദുരിതാശ്വാസ ഫണ്ട് പ്രയോജനപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) ഉണ്ട്. സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി. സുനാമി അടിയന്തിരസഹായ പദ്ധതി (TEAP) എന്നിവയിൽ ഉൾപ്പെടുത്തി പൂവാർ, മൺറോ തുരുത്ത്, ചേർത്തല, അരൂർ, ചെല്ലാനം എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അഞ്ച് ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ (ഓരോന്നിനും 20 ലക്ഷം രൂപ വീതം) ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 288 05-07-2007-ൽ മറുപടിക്ക്

## ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി. രാഘവൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | | ശ്രീ.എ.കെ. ബാലൻ<br>(ബഹു: പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ | വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി "വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്കുള്ള ക്ഷേമ പദ്ധതി" എന്ന ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച് 11-ാം പദ്ധതികാലത്ത് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ കീഴിൽ വരുന്ന കുടുംബങ്ങൾക്ക് വീട്, കുടിവെള്ളം, വൈദ്യുതി, തൊഴിൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം വന്യമൃഗങ്ങളുടെ ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിനും കൃഷിക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുമുള്ള പരിപാടികൾ വിഭാവനം ചെയ്യുന്നുണ്ട്. ഈ പദ്ധതി വനം വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഊരുകൂട്ടം മുഖേന നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി പതിനൊന്നാം പദ്ധതിയിൽ 2007-12 ലേക്ക് 10 കോടി രൂപയും 2007-08 വാർഷിക പദ്ധതിയിൽ ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി | ഇവർക്ക് യഥാസമയം വൈദ്യ സഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | ഉണ്ട്. വനത്തിനുള്ളിലും ഇതര പ്രദേശങ്ങളിലും അധിവസിക്കുന്ന ആദിവാസികൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ 12ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2-ഉം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള ആംബുലൻസ് സൗകര്യങ്ങളും മരുന്നിനും മറ്റ് ആവശ്യങ്ങൾക്കുമായി വേണ്ടി വരുന്ന ചെലവും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നാണ് നൽകി വരുന്നത്. |
| സി | ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ , | പട്ടികവർഗ്ഗക്കാരിൽ കൊറഗർ, കുറുമ്പർ, കാടർ, ചോലനായ്ക്കർ, കാട്ടുനായ്ക്കൻ എന്നീ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട 4500 കുടുംബങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ 100 ശതമാനം സഹായമുള്ളതും എൽ.ഐ.സി യുടെ "ജനശ്രീ ബീമയോജന സ്കീം" പ്രകാരം നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട് |

| | | |
|---|---|---|
| ഡി | എല്ലാ ആദിവാസികളെയും ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിലേക്ക് കേന്ദ്ര സർക്കാരിന്റെ അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ പാലക്കാട്, വയനാട് ജില്ലകളിൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് നടപ്പാക്കിയ ഇൻഷ്വറൻസ് പദ്ധതി പട്ടികവർഗ്ഗക്കാർക്ക് ഉദ്ദേശിച്ചത്ര പ്രയോജനകരമല്ല എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത 10 കോടി രൂപ വിനിയോഗിച്ച് ഈ വിഭാഗത്തിന് വേണ്ടിയുള്ള ഒരു "സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി" നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

Sushama S

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 289 — 5.7.2007 ൽ മറുപടിക്ക്

## നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. എ. റഹീം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. റി. ചെന്താമരാക്ഷൻ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. എം. എം. മോനായി | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) കാർഷികാദായ നികുതി, വില്പന നികുതി എന്നിവ സംബന്ധിച്ച അപ്പീലുകൾ തീർപ്പു കല്പ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഔപചാരികമായി പരാതികൾ ലഭിച്ചിട്ടില്ലെങ്കിലും ഈ പ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) മറ്റു വിഭാഗങ്ങളിൽ നിന്ന് ഡിപ്പേർട്ടായ് ചെയ്തുകൊണ്ട് അപ്പീൽ വിഭാഗം ശക്തിപ്പെടുത്തുന്നത് പരിഗണിച്ചുവരുന്നു. |
| (സി) കഴിഞ്ഞ വർഷം എത്ര അപ്പീലുകളിന്മേൽ തീർപ്പു കല്പ്പിച്ചിട്ടുണ്ട്; ഇനി എത്ര അപ്പീലുകളാണ് പരിഗണനയിലുള്ളത്; | (സി) തീർപ്പുകല്പ്പിച്ചിട്ടുള്ളത്: 6054(2006..07)<br>പരിഗണനയിലുള്ളത് : 15,270 |
| (ഡി) അപ്പീലുകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) അപ്പീലുകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള അപ്പീലുകൾ വേഗം തീർപ്പാക്കുന്നതിന് ഓരോ അപ്പലേറ്റ് അതോറിറ്റിയും മിനിമം 100 അപ്പീലുകളെങ്കിലും ഓരോ മാസവും തീർപ്പു കല്പ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 1.4.2000 മുതൽ വിൽപ്പന നികുതി ചട്ടം 43 പ്രകാരം അപ്പീലുകൾ അവസാനമായി കേട്ട തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഉത്തരവുകൾ നൽകിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 290 05.07.2007 -ൽ മറുപടിയ്ക്ക്

## സ്വാഭാവിക വനപ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
ശ്രീ. കെ. അച്ചുതൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് സ്വാഭാവിക വന പ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എ) സംസ്ഥാനത്ത് സ്വാഭാവിക വനപ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് :-

1. കണ്ണൻദേവൻ ഹി വില്ലേജിലെ മാങ്കുളം എന്ന ഭാഗത്തെ 9005.72 ഹെക്ടർ കണ്ണൻദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാന്റ്സ്) ആക്റ്റ്, 1971 അനുസരിച്ച് തിരിച്ചെടുത്ത് സൂക്ഷിക്കാനായി വനംവകുപ്പിനെ ഏൽപ്പിച്ചിരുന്ന സ്ഥലം സർക്കാർ ഉത്തരവ് (പി) നമ്പർ.25/2007/വനം തീയതി 16/05/2007 പ്രകാരം റിസർവ്വ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിട്ടുണ്ട്.
2. ഇടുക്കി ജില്ലയിലെ കൊട്ടക്കമ്പൂർ വില്ലേജിലെ സർവ്വെ നമ്പർ 58/1-ലെ സ്ഥലവും വട്ടവട വില്ലേജിലെ സർവ്വെ നമ്പർ 62-ലെ സ്ഥലവും ചേർത്ത് ഏകദേശം 3200 ഹെക്ടർ ഭൂമി 'നീലക്കുറിഞ്ഞി സാങ്ച്വറി' ആയി ജി.ഒ(പി) നമ്പർ.36/2006/വനം തീയതി 06/10/2006 മുഖേന വിജ്ഞാപനം ചെയ്തിട്ടുണ്ട്.
3. കോമ്പൻസേറ്ററി വനവൽക്കരണം നടത്തിയിട്ടുള്ള വാഗമണ്ണിലുള്ള 440.06 ഹെക്ടർ സ്ഥലം സർക്കാർ ഉത്തരവ് (പി)നമ്പർ.41/2006/വനം തീയതി 25/11/2006 പ്രകാരം റിസർവ്വ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിട്ടുണ്ട്.
4. 2003-ലെ കേരള വനം(പരിസ്ഥിതി ശാസ്ത്രപരമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് പ്രകാരം ഏതെങ്കിലും ആളിന്റെ കൈവശമുള്ളതും, റിസർവ്വ് വനത്തോടോ നിക്ഷിപ്ത വനത്തോടോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, ഏറിയകൂറും സ്വാഭാവികമായി

വളർന്നുവരുന്ന സസ്യജാലങ്ങൾ നിറഞ്ഞതുമായ മറ്റേതെങ്കിലും വനഭൂമിയോടോ ചേർന്നു കിടക്കുന്നതോ അതിനാൽ ചുറ്റപ്പെട്ടതോ ആയ വനഭൂമിയോ അതിന്റെ എതെങ്കിലും ഭാഗമോ ഈ ആക്റ്റ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്നതു മാണ്. ഇതിൻപ്രകാരം സർക്കാരിൽ നിക്ഷിപ്ത മായ വനപ്രദേശത്തിന്റെ വിസ്തൃതി 938 ബിറ്റുകളിലായി 12941.1941 ഹെക്ടർ ആണ്.

5. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രോജക്റ്റ് എലിഫെന്റ് പദ്ധതിയുടെ ഭാഗമായി ആനത്താരയ്ക്കായി വിവിധ ജില്ലകളിലായി 155.973 ഹെക്ടർ ഭൂമി ഏറ്റെടുത്ത് വനത്തിനോട് ചേർത്തിട്ടുണ്ട്.
6. വനത്തിനുള്ളിലുള്ളതും വനത്തിനോടു ചേർന്നുകിടക്കുന്നതുമായ സ്വകാര്യഭൂമി, ഭൂവുടമകൾ സർക്കാരിനു നൽകാൻ തയ്യാറാണെങ്കിൽ അവ ഏറ്റെടുത്ത് നിയമാ നുസൃതമായ ന്യായവില നൽകാനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.
7. വിവിധ സ്ഥലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 50 ഹെക്ടറോളം കണ്ടൽക്കാടുകൾ സർക്കാർ ഉത്തരവ്(ആർ.റ്റി) നമ്പർ 166/2006/വനം തീയതി 25/03/2006 പ്രകാരം സർക്കാർ

ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം സർക്കാർ അധീനതയിലുള്ള കണ്ടൽക്കാടുകളുടെ വിസ്തൃതി വർദ്ധിക്കുന്നതാണ്.

| | |
|---|---|
| (ബി) ഇതിനായി ചെറുകിട കർഷക രുടെ കൈവശമുള്ള വനഭൂമി ഏറ്റെടുക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ : | (ബി) വനത്തിലുള്ളതും വനത്തോടു ചേർന്നുകിട ക്കുന്നതുമായ സ്വകാര്യഭൂമി ഭൂവുടമകൾ സർക്കാരിനു നൽകാൻ തയ്യാറാണെങ്കിൽ അവ ഏറ്റെടുക്കുന്നതാണ്. ഇതിനുപുറമെ, 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപര മായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ നാലാം വകുപ്പു പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബല പ്രദേശങ്ങളാണെന്ന് ഇതിനായി നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ ശുപാർശ പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിൽ നിക്ഷിപ്തമാക്കാൻ സർക്കാരിന് അധികാരം ഉള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവില നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ? | (സി) | 1) 2003-ലെ കേരളാ വനം (പരിസ്ഥിതി ശാസ്ത്രപരമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ നാലാം വകുപ്പു പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്ന ഭൂമിക്ക് അതിലെ സ്ഥായിയായ ദേഹണ്ഡങ്ങൾ ഉൾപ്പെടെ നഷ്ടപരിഹാരം അതിന്റെ ഉടമയ്ക്ക് നൽകുന്നതിന് വ്യവസ്ഥയുണ്ട്.<br>2. വനത്തിനുള്ളിലുള്ളതും വനത്തോടു ചേർന്നു കിടക്കുന്നതുമായ സ്വകാര്യഭൂമി ഭൂ ഉടമകൾ സർക്കാരിനു നൽകാൻ തയ്യാറാണെങ്കിൽ അവ ഏറ്റെടുത്ത് നിയമാനുസൃതമായ ന്യായവില നൽകാനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :791 — 05-07-2007 ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്; | (എ) പാലക്കാട് ജില്ലാ പഞ്ചായത്ത് രൂപീകരിച്ച പാലക്കാട സ്മാൾ ഹൈഡ്രോ എന്ന കമ്പനി 3 മെഗാവാട്ടിന്റെ മീൻവല്ലം എന്ന ചെറുകിട ജല വൈദ്യുത പദ്ധതി മണ്ണാർക്കാട് താലൂക്കിൽ കരിമ്പ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ കോഴിക്കോട് ജില്ലാ പഞ്ചായത്ത് 3 മെഗാവാട്ടിന്റെ അരിപ്പാറ ജല വൈദ്യുത പദ്ധതി കോഴിക്കോട് താലൂക്കിൽ കോടഞ്ചേരി പഞ്ചായത്തിലും കണ്ണൂർ ജില്ലാ പഞ്ചായത്ത് 0.83 മെഗാവാട്ടിന്റെ കലങ്കി എന്ന ചെറുകിട ജലവൈദ്യുത പദ്ധതി തളിപ്പറമ്പ് താലൂക്കിൽ ഉളിക്കൽ വില്ലേജിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്ത് 110 കിലോവാട്ടിന്റെ ഒരു ചെറുകിട ജലവൈദ്യുത പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ/യുനിഡോ റീജിനൽസെന്റർ ഫോർ സ്മാൾ ഹൈഡ്രോ പവർ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്..<br>ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 60 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി ഏതാണ്ട് പൂർത്തിയായി വരുന്നു. |
| (ബി) ഇത്തരത്തിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുവാൻ വൈദ്യുതി ബോർഡ് ധാരണയിലെത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

(സി) മീൻവല്ലം ചെറുകിട ജല വൈദ്യുത പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിനുകെ.എസ്. ഇ. ബി യും പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിയും തമ്മിൽ പവർ പർച്ചേസ് എഗ്രിമെന്റ് (പി.പി.എ) ഒപ്പുവച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി വാങ്ങുവാനാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.. വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങുന്ന തീയതി മുതൽ 25 വർഷത്തേക്ക് വൈദ്യുതി വാങ്ങുവാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത കരാർ പ്രകാരം ആദ്യത്തെ 5 വർഷങ്ങളിൽ യൂണിറ്റൊന്നിന് 2 രൂപ 50 പൈസ നിരക്കിലും തുടർന്നുള്ള 20 വർഷങ്ങളിൽ യൂണിറ്റൊന്നിന് 2രൂപ 12 പൈസ നിരക്കിലും വൈദ്യുതി വാങ്ങുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് അരിപ്പാറ പദ്ധതിക്കു വേണ്ടി കെ.എസ്.ഇ.ബി.യുമായി വൈദ്യുതി വാങ്ങൽ കരാർ ഒപ്പു വെയ്ക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 292 | 05.07.2007 -ൽ മറുപടിയ്ക്ക്

# കാട്ടുതീ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കാട്ടുതീയിൽനിന്ന് വനങ്ങളെ സംരക്ഷിക്കുന്നതിന് വനം വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) കാട്ടുതീ ഉണ്ടാകുന്നത് തടയുന്നതിനായി വനാതിർത്തികളിൽ വേനൽക്കാലങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഫയർ ലൈനുകൾ തെളിയിക്കുകയും, ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വനസംരക്ഷണ സമിതികൾ, ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേന ജനപങ്കാളിത്തത്തോടെ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുതീ ഉണ്ടായാൽ എത്രയും വേഗം അത് കണ്ടെത്തി നിയന്ത്രിക്കാൻ ഫയർ വാച്ച്ടവ്വറുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ സമീപവാസികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികളും നടത്തുന്നുണ്ട്. കാട്ടുതീ പിടിച്ചു കഴിഞ്ഞാൽ അവ അണയ്ക്കാൻ വേണ്ടിയുള്ള സംവിധാനങ്ങളും നിലവിലുണ്ട്. |
| (ബി) ഫയർലൈനുകൾ നിർമ്മിച്ച് കാട്ടുതീ തടയുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഉണ്ട്. 75% കേന്ദ്ര സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്കീമിലും, സംസ്ഥാന പദ്ധതിയായ ഫോറസ്റ്റ് പ്രൊട്ടക്ഷൻ പദ്ധതി പ്രകാരവും പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയോഗിച്ചും ഫയർ ലൈനുകൾ നിർമ്മിച്ച് കാട്ടുതീ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു കിലോമീറ്റർ ഫയർലൈൻ നിർമ്മിക്കുന്നതിന് ഉദ്ദേശം 6,000/- രൂപ ചെലവാകുന്നു. ഓരോവർഷവും ലഭ്യമാകുന്ന ഫണ്ട് അനുസരിച്ച് ഫയർ ലൈനുകളുടെ ദൈർഘ്യത്തിൽ ഏറ്റക്കുറച്ചിൽ സംഭവിക്കാറുണ്ട്. |
| (സി) കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ കാട്ടുതീമൂലം എന്തു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ കാട്ടുതീ മൂലം 8,43,447/- (എട്ടുലക്ഷത്തി നാൽപത്തി മൂവായിരത്തി നാനൂറ്റി നാൽപത്തിയേഴ്) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ഔദ്യോഗികമായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ ; 293 — 05.07.2007 -ലെ മറുപടിക്ക്

**പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനായി പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. എ.പ്രദീപ് കുമാർ :<br>ശ്രീ. പി. ടി. എ. റഹീം : | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| (എ) പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ , എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കേരളത്തിലെ ഇനിയും വൈദ്യുതീകരിക്കാത്ത പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ആർ.ജി.ജി.വി.വൈ) പദ്ധതി പ്രകാരം പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>പട്ടികവർഗ്ഗ വകുപ്പിന്റെ കോർപ്പസ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി ഗ്രാന്റ്, എം.പി ലാഡ് എം. എൽ . എ. ലാഡ് എന്നിവ വിനിയോഗിച്ചും കോളനി വൈദ്യുതീകരണം നടത്തിവരുന്നുണ്ട്. |
| (ബി) ഇതിനായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ട് ; | (ബി) കേരളത്തിൽ ആർ.ജി.ജി.വി.വൈ പദ്ധതി നടപ്പിലാക്കുന്നതിനായി 321 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണത്തിനുള്ള തുക പ്രത്യേകമായി കാണിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2000-07 വർഷത്തിൽ കോർപ്പസ് ഫണ്ടിൽ നിന്നും 67 കോളനികൾ വൈദ്യുതീകരിക്കുവാൻ 4,13,3000 രൂപയുടെ പദ്ധതി അംഗീകരിച്ചു പ്രവർത്തനം നടന്നുവരുന്നു. |

(സി) എത്ര വീടുകൾക്കാണ് വൈദ്യുതീകരണത്തിനായി അപേക്ഷ നൽകിയിട്ടുള്ളത് ; വൈദ്യുതി എത്തിയിട്ടില്ലാത്ത എത്ര കോളനികളുണ്ട് ;

(സി) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എല്ലാവിധ പ്രത്യേക പദ്ധതികളിൽ ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് വൈദ്യുതീകരണം നടത്തുകയാണ് ചെയ്തുവരുന്നത്. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരും, സന്നദ്ധ സംഘടനകളും ജനപ്രതിനിധികളും മുൻകൈയെടുത്താണ് ഇത്തരം പ്രവർത്തനങ്ങൾ പ്രധാനമായും നടത്തുന്നത്.

ലഭ്യമായ കണക്കുകൾ അനുസരിച്ച് 1695 കോളനികൾ ഇനിയും വൈദ്യുതീകരിക്കേണ്ടതുണ്ട്.

(ഡി) പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

ആർ.ജി.ജി.വി.വൈ പദ്ധതിയുടെ അനുമതി ലഭിച്ചു തുകയുടെ ആദ്യഗഡു ലഭിച്ചു കഴിഞ്ഞാൽ രണ്ടു വർഷക്കാലം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, KSEBയുടെ തനതുഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഗ്രാൻറ് ഇൻ എയ്ഡ്, എം. പി. ലാഡ്, എം. എൽ. എ. ലാഡ് തുടങ്ങിയ ഫണ്ടുകൾ കൂടി സംയോജിപ്പിച്ച് രണ്ടു വർഷത്തിനുള്ളിൽ എല്ലാ കോളനികളും വൈദ്യുതീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 294** | **5.7.2007 ന് മറുപടിക്ക്**

**വനാതിർത്തി സംരക്ഷണത്തിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വനാതിർത്തി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) സംസ്ഥാനത്തിന്റെ വനാതിർത്തി പുനർ നിർണ്ണയിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ജണ്ടകൾ , കയ്യാലകൾ എന്നിവ നിർമ്മിച്ചും , വന സംരക്ഷണ പ്രവർത്തനത്തിൽ നിതാന്തജാഗ്രത പുലർത്തിയും, വനം കയ്യേറ്റത്തിന് ഇടകൊടുക്കാതെയുള്ള ഊർജ്ജിതമായ പരിശോധനകൾ നടത്തിയും വനാതിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മറ്റ് സംസ്ഥാനങ്ങളോട് ചേർന്നുള്ള അതിർത്തിയിൽ നിരന്തരം പട്രോളിംഗ് നടത്തുകയും ചെയ്യാറുണ്ട്. |
| ബി)അട്ടപ്പാടി റേഞ്ചിൽ കേരളത്തിന്റെ 2000 ഹെക്ടർ സ്ഥലം കയ്യേറി തമിഴ്നാട് ആധിപത്യം സ്ഥാപിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |

സി) പ്രസ്തുത പ്രദേശത്തെ വനാതിർത്തി കയ്യേറ്റം സംബന്ധിച്ച് വനം വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കയ്യേറ്റം സ്ഥിരീകരിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കുമോ;

സി) സ്ഥിരീകരിച്ചിരുന്നു . ഇക്കാര്യത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ന്റെ റിപ്പോർട്ടിനെ തുടർന്ന് വനം വകുപ്പ് സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 19.4.2005 ൽ നടന്ന ചർച്ചയിൽ കേരള-തമിഴ്നാട് അതിർത്തിയിൽ അട്ടപ്പാടി-മുള്ളി പ്രദേശത്ത് അന്തർ സംസ്ഥാന അതിർത്തി പുനർ നിർണ്ണയം ചെയ്യിട്ടില്ലാത്തതിനാൽ സർവ്വേ ഡയറക്ടറേയും , സർവ്വേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഭൂപടത്തെയും ആധാരപ്പെടുത്തി റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി വീണ്ടും സർവ്വെ നടത്തി പുനർ നിർണ്ണയിക്കുവാൻ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു.

ഇതേപ്പറ്റി തമിഴ്നാട് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനായി വനം വകുപ്പ് സെക്രട്ടറി സർവ്വേ ഡയറക്ടറോട് വ്യക്തമായ റിപ്പോർട്ടും, ഭൂപടവും, സ്വീകരിച്ച നടപടിയും ആവശ്യപ്പെട്ടിട്ടുണ്ട്.

ഡി) കയ്യേറ്റ ഭൂമി വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡി) അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്ന മുറയ്ക്ക് കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനായുള്ള വ്യക്തമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 295*

*5-7--2007 ന് മറുപടിക്ക്*

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ സ്കൂളുകൾ

**ചോദ്യം**

ശ്രീ. എ. എം. യൂസഫ്
ശ്രീ. റ്റി. വി. കുഞ്ഞുണ്ണി
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീമതി. ജെ. അരുന്ധതി
ശ്രീ. അൽഫോൺസ് കണ്ണന്താനം

**മറുപടി**

ശ്രീ. എ. കെ. ബാലൻ
(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

എ). പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(എ). 25 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. (പട്ടിക വർഗ്ഗക്കാർക്ക് 18 ഉം പട്ടികജാതിക്കാർക്ക് 7 ഉം എം. ആർ. എസുകൾ ഉണ്ട്. ഇതു സംബന്ധിച്ച അനുബന്ധം ഉള്ളടക്കം ചെയ്യുന്നു. ഇതിനു പുറമെ അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു.

ബി). ഇവിടെ പലയിടത്തും ആവശ്യത്തിന് അദ്ധ്യാപകരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കുമോ;

(ബി ). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിലെ അഡീഷൻ ടു കേഡർ ആയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. അപ്രകാരം വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയമനം ലഭിക്കാതെ ഒഴിവുള്ള തസ്തികക

ളിൽ ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി യുടെ ആഭിമുഖ്യത്തിൽ കരാർ/ ദിവസ വേതനാടിസ്ഥാനത്തിൽ ആവശ്യമായ മുഴുവൻ അദ്ധ്യാപകരെയും ഇതിനകം നിയമിച്ചിട്ടുണ്ട്.

സി). മോഡൽ റസിഡൻഷ്യൽ സ്കൂളു കളിൽ സാദ്ധ്യമുള്ളവ ഹയർ സെക്കൻ ഡറി തലത്തിൽ അപ്ഗ്രേഡ് ചെയ്യാനും അവിടെ ആവശ്യമുള്ള അദ്ധ്യാപക രേയും മറ്റു ജീവനക്കാരേയും നിയമി ക്കാനും നടപടി സ്വീകരിക്കുമോ?

സി). മോഡൽ റസിഡൻഷ്യൽ സ്കൂളുക ളുടെ നിലവാരം മെച്ചപ്പെടുത്തുന്ന തിനും, അദ്ധ്യാപക നിയമനം സംബ ന്ധിച്ചും ബഹു. വിദ്യാഭ്യാസ മന്ത്രി പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമ മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 16-5-2007ന് പട്ടികജാതി വികസന വകുപ്പിലെയും വിദ്യാഭ്യാസ വകുപ്പി ലെയും ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടിയിരുന്നു. പ്രസ്തുത യോഗ തീരുമാനപ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പട്ടികവർഗ്ഗ വിക സന വകുപ്പ് ഡയറക്ടർ , ഡി. പി. ഐ, എസ്.സി.ഇ. ആർ. ടി ഡയറക്ടർ എന്നി വർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും കഴിവും താൽപര്യവുമുള്ള അദ്ധ്യാപ കരെ തിരഞ്ഞെടുത്ത് ഒരു പാനൽ തയ്യാറാക്കി നിയമനം നടത്തുവാനും അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യ ത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും ഈ

കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും ഹയർ സെക്കൻഡറി കോഴ്സുകൾ നടത്തുന്നതിന് സൗകര്യമുള്ളതുമായ മൂന്നാർ, ചാലക്കുടി, വടശ്ശേരിക്കര, കണ്ണൂർ, നൂൽപ്പുഴ എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്ലസ് ടു തലത്തിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള നടപടികൾ യോഗം കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## [redacted] മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പട്ടിക

പട്ടികവർഗ്ഗ വികസന വകുപ്പ്

| നമ്പർ | സ്കൂളിന്റെ പേര് | ജില്ല |
|---|---|---|
| 1. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല (പെൺകുട്ടികൾ) | തിരുവനന്തപുരം |
| 2. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുനലൂർ (ആൺ കുട്ടികൾ) | കൊല്ലം |
| 3. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പത്തനംതിട്ട (ആൺ കുട്ടികൾ) | പത്തനംതിട്ട |
| 4. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കോട്ടയം (പെൺ കുട്ടികൾ) | കോട്ടയം |
| 5. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, മൂന്നാർ (ആൺ കുട്ടികൾ) | ഇടുക്കി |
| 6. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചാലക്കുടി (പെൺ കുട്ടികൾ) | തൃശ്ശൂർ |
| 7. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി (പെൺകുട്ടികൾ) | പാലക്കാട് |
| 8. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട് (ആൺ കുട്ടികൾ/ പെൺകുട്ടികൾ) | വയനാട് |
| 9. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വയനാട് (പെൺ കുട്ടികൾ) | വയനാട് |
| 10. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് (ആൺ കുട്ടികൾ) | വയനാട് |
| 11. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി (ആൺ കുട്ടികളും പെൺകുട്ടികളും) | ഇടുക്കി |
| 12. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കണ്ണൂർ (ആൺ കുട്ടികൾ) | കണ്ണൂർ |
| 13. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ് (പെൺ കുട്ടികൾ) | കാസർഗോഡ് |
| 14. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഞാറനീലി (ഇംഗ്ലീഷ് മീഡിയം) (സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ) | തിരുവനന്തപുരം |
| 15. | ആശ്രമം സ്കൂൾ, മഞ്ചേരി (ആൺകുട്ടികളും പെൺകുട്ടികളും) | മലപ്പുറം |
| 16. | ആശ്രമം സ്കൂൾ, നൂൽപ്പുഴ (ആൺകുട്ടികളും പെൺകുട്ടികളും) | വയനാട് |

| | | |
|---|---|---|
| 17. | ആശ്രമം സ്കൂൾ, പാലക്കാട് (ആൺകുട്ടികളും പെൺകുട്ടികളും) | പാലക്കാട് |
| 18. | ആശ്രമം സ്കൂൾ, തിരുനെല്ലി (ആൺകുട്ടികളും പെൺകുട്ടികളും) | വയനാട് |
| പട്ടികജാതി വികസനവകുപ്പ് | | |
| 1. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ആലപ്പുഴ, ഹരിപ്പാട് (പെൺകുട്ടികൾ) | ആലപ്പുഴ |
| 2. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ആലുവ (ആൺ കുട്ടികൾ) | എറണാകുളം |
| 3. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തൃശ്ശൂർ (ആൺ കുട്ടികൾ) | തൃശ്ശൂർ |
| 4. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തൃത്താല (പെൺ കുട്ടികൾ) | പാലക്കാട് |
| 5. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി (തമിഴ് മീഡിയം) | ഇടുക്കി |
| 6. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കോഴിക്കോട് (ആൺ കുട്ടികൾ) | കോഴിക്കോട് |
| 7. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ് (ആൺ കുട്ടികൾ) | കാസർഗോഡ് |

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 296 05.07.2007 ൽ മറുപടിയ്ക്ക്

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

**ചോദ്യം**

ശ്രീ. കെ. രാജു

ശ്രീ. രാജാജി മാത്യു തോമസ്

ശ്രീ. പി. തിലോത്തമൻ

ശ്രീ. ബാബു പോൾ

(എ) കേരളം അഭിമുഖീകരിക്കുന്ന ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഇപ്പോൾ എത്ര കണ്ട് ഉപയോഗപ്പെടുത്തുന്നുണ്ട്;

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ

(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ പവനോർജ്ജം, ജൈവോർജ്ജം, സൗരോർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതികൾ, ജൈവ മാലിന്യങ്ങൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെ പറയും പ്രകാരമാണ്.

1. മെച്ചപ്പെട്ട വിറക് അടുപ്പുകൾ - 9 ലക്ഷം (ഏകദേശം)
2. ബയോഗ്യാസ് പ്ലാന്റുകൾ വലുത് - 88 എണ്ണം
3. കോംപാക്ട് ഫ്ലൂറസെന്റ് വിളക്കുകൾ - 2.5 ലക്ഷം
4. ഇലക്ട്രോണിക് ചോക്ക് - 1.5 ലക്ഷം
5. സൗരോർജ്ജ റാന്തൽ - ഏകദേശം 1 ലക്ഷം
6. സോളാർ വാട്ടർ പമ്പ് - 250 എണ്ണം
7. സോളാർ വാട്ടർ ഹീറ്റർ - 3 ലക്ഷം ലിറ്റർ/ദിവസം
8. വിദൂരഗ്രാമ വൈദ്യുതീകരണം - 18,888 കുടുംബങ്ങൾ
9. സോളാർ സ്ട്രീറ്റ് ലൈറ്റ് - 965
10. സോളാർ പവർ പ്ലാന്റുകൾ (ഉൾപ്രദേശം) - 40.04 KW
11. സോളാർ ഗ്രിഡ് പവർ പ്ലാന്റ് - 25 KW
12. സ്കൂളുകളിലും അംഗനവാടികളിലും സ്ഥാപിച്ച കമ്മ്യൂണിറ്റി അടുപ്പുകൾ - 2200

കൂടാതെ കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയിൽ **2.46%** പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നും ലഭിക്കുന്നു. മാത്രമല്ല ഇത്തരത്തിലുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനു വേണ്ടി കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷനും രൂപം നൽകിയിട്ടുണ്ട്. **(25 MW-ൽ താഴെയുള്ള ജലവൈദ്യുത പദ്ധതികൾ പാരമ്പര്യേതര ഊർജ്ജമായാണ് പരിഗണിക്കുന്നത്)**

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഇത്തരത്തിൽ പ്രയോജനപ്പെടുത്തുന്ന ഊർജ്ജസ്രോതസ്സുകൾ ഏവ, അവയുടെ മൊത്തം ഉല്പാദനവിതരണശേഷി എത്ര;

(ബി) കാറ്റ്, സൗരോർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതികൾ, ജൈവോർജ്ജം തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും പാരമ്പര്യേതര ഊർജ്ജം ഉത്പാദിപ്പിക്കുന്നുണ്ട്. കൂടാതെ കാറ്റിൽ നിന്നും സ്വകാര്യ പങ്കാളിത്തത്തോടെ 14.55 MW ഉം അനെർട്ടിന്റെയും വൈദ്യുതി ബോർഡിന്റെയുമായ 6 MW ന്റെ പദ്ധതികളും നടന്നു വരുന്നു. ഇപ്പോൾ കാറ്റിൽ നിന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കഞ്ചിക്കോട്ടുള്ള പദ്ധതിയിൽ നിന്ന് 2.03 MW വൈദ്യുതി ഉത്പാദിപ്പിക്കുന്നു. അതോടൊപ്പം 10 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് 49.10 MW വൈദ്യുതിയും ഉത്പാദിപ്പിക്കുന്നു.

(സി) ഈ മേഖലയിൽ പര്യാപ്തമായ ഗവേഷണ-വികസന പ്രവർത്തനങ്ങൾ എന്ത്; അത് നിർവ്വഹിക്കുന്ന പൊതുമേഖലാ ഏജൻസികൾ ഏത്;

(സി) കേരളത്തിൽ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ അവയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെറിയ തോതിലുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേന്ദ്ര സോളാർ എനർജി സെന്ററിന്റെ സാമ്പത്തിക സഹായത്തോടെ LED വിളക്കുകളുടെ വികസന പദ്ധതി അനെർട്ട് നടത്തുന്നുണ്ട്. കേരള ശാസ്ത്ര സാങ്കേതിക കൗൺസിൽ, ശാസ്ത്ര സാങ്കേതിക വകുപ്പ്, ഡൽഹി, സി-വെറ്റ്, ചെന്നൈ ക്രാറ്റിൽ

നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതു സംബന്ധിച്ച്), ആൾട്ടർനേറ്റ് ഹൈഡ്രോ എനർജി സെന്റർ, റൂർക്കി (ചെറുകിട ഹൈഡ്രോ പദ്ധതികൾ), സോളാർ എനർജി സെന്റർ, ന്യൂഡൽഹി (സൗരോർജ്ജ വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട പദ്ധതികൾ). മേൽപ്പറഞ്ഞ ഏജൻസികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്.

| | |
|---|---|
| (ഡി) പാരമ്പര്യേതര ഊർജ്ജം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ? | (ഡി) 03.04.2002 ലെ ജി.ഒ.(എം.എസ്) 16/2002/[illegible] പ്രകാരം ഒരു പാരമ്പര്യേതര ഊർജ്ജ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച നയം 06.11.2004 ലെ ജി.ഒ (എം.എസ്)23/2004/പി.ഡി പ്രകാരം ഇറക്കിയ ഉത്തരവ് 11.05.2007 ലെ ജി.ഒ(എം.എസ്)7/2007/പി.ഡി പ്രകാരം പരിഷ്കരിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. |

Wilfred.T

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 297 5.7.07- ൽ മറുപടിയ്ക്ക്

ദുർബല വിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീടു നിർമ്മിച്ചു നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.മുരളി :<br>ശ്രീ.കെ.അച്ചുതൻ : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്കും പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കും വേണ്ടി സൗജന്യ നിരക്കിൽ വീടു നിർമ്മിച്ചു നൽകുന്നതിന് ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ; | എ) സംസ്ഥാനത്തെ ദുർബലവിഭാഗങ്ങൾക്കായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന സുരക്ഷാ ഭവന പദ്ധതി, ലക്ഷം വീടു നവീകരണ പദ്ധതി എന്നിവയും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയും നിലവിലുണ്ട്. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ഇ.എം.എസ് ഭവന പദ്ധതി എന്ന ബൃഹത്തായ ഒരു പുതിയ പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | ബി) സുരക്ഷാ ഭവന പദ്ധതിയിൽ രണ്ട് സെൻറ് സ്ഥലവില ഉൾപ്പെടെ 36000/- രൂപ പദ്ധതി ചെലവുള്ള ഒരു വീടിന് നിർമ്മാണം പൂർത്തിയാകുമ്പോൾ 9000/- രൂപ സർക്കാർ സബ്സിഡിയായി നൽകുന്നു. ലക്ഷം വീടു നവീകരണ പദ്ധതി പ്രകാരം ഒറ്റവീടുകൾ പുതുക്കിപ്പണിയുന്നതിനും ഇരട്ട വീടുകൾ ഒറ്റ വീടുകളായി പുനർനിർമ്മിക്കുന്നതിനുമായി ഒരു വീടിന് 40,000 രൂപ നിരക്കിൽ 50% തുക സന്നദ്ധ സംഘടനകൾ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 50% തുക സർക്കാരും സഹായമായി നൽകുന്നു. ദാരിദ്ര്യരേഖയ്ക്ക് |

താഴെയുള്ള 5000 പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടി പട്ടികജാതി വകുപ്പുമുഖേനയുള്ള ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വീടൊന്നിന് 70,000/- രൂപ ചെലവിൽ നിർമ്മിച്ചു നൽകുന്ന ഈ പദ്ധതിപ്രകാരമുള്ള വീടുകൾ നിർമ്മിക്കുന്നത് സംസ്ഥാന ഭവന നിർമ്മാണ ബോർഡ്/നിർമ്മിതി കേന്ദ്രമാണ്. വയനാട്ടിലെ പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കായി എസ്.ടി വകുപ്പിൻെറ ആഭിമുഖ്യത്തിൽ 90,000/- രൂപ ചെലവിൽ വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം 270 വീടുകൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡും 100 വീടുകൾ സംസ്ഥാന നിർമ്മിതി കേന്ദ്രവും നിർമ്മിച്ചു വരുന്നു. പുതുതായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വാംമ്പേ, കേരള വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ബി.പി.എൽ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ 50% ൽ കുറയാതെ പട്ടികജാതി/പട്ടികവർഗ്ഗം എന്നിവർക്കും 5% വികലാംഗർക്കും പരിഗണന നൽകി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| സി) ഇതിനായി ഹഡ്കോ, എൽ.ഐ.സി തുടങ്ങിയ ധനകാര്യ ഏജൻസികളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) ഇക്കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .298 05.07.2007-ൽ മറുപടിക്ക്

ഓൺലൈൻ ചെക്ക് പോസ്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ പി.സി.വിഷ്ണുനാഥ് | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)നികുതി പരിഷ് ക്കരണത്തിന്റെ ഭാഗമായി 'ഓൺലൈൻ' ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) നികുതി വകുപ്പിന്റെ പ്രവർത്തനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ചെക്ക്പോസ്റ്റുകളിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും, കടന്നുപോകുന്ന ചരക്കുകളുടെ വിവരം തൽസമയം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനും നികുതി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്<br>1. അമരവിള 7. ഗോപാലപുരം<br>2. ആര്യൻകാവ് 8. മീനാക്ഷിപുരം<br>3. കുമിളി 9. വഴിക്കടവ്<br>4. കരുകുറ്റി 10. ഫറൂക്ക്<br>5. വാളയാർ 11. മുത്തങ്ങ<br>6. ഗോവിന്ദപുരം 12. കൂട്ടുപ്പുഴ<br>13. ബംഗ്ര മഞ്ചേശ്വരം |
| (ബി)ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) വാറ്റ് സോഫ്റ്റ് വെയർ ഉപയോഗിക്കാൻ എല്ലാ ഓഫീസുകളും വൈഡ് ഏരിയ നെറ്റ് വർക്ക് മുഖേന സ്റ്റേറ്റ്ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (എസ്.ഐ.ഐ) ആയി ബന്ധിപ്പിക്കണം. 11.04.2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) 91/2007/ടി.ഡി പ്രകാരം M/s.Frontier Business System (P) Ltd;- ൽ നിന്ന് 1,92,84,555/- രൂപയ്ക്ക് ഇതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങിക്കാൻ ഭരണാനുമതി ലഭിച്ചതിനെതുടർന്ന് പ്രസ്തുത ജോലികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. |

GOVERNMEN

| | |
|---|---|
| (സി)ഇതുമൂലം നികുതിപിരിവിൽ വർദ്ധനവ് വരുത്താൻ കഴിയുമോ ? | (സി)ഇതുമൂലം നികുതി പിരിവിൽ വർദ്ധന ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു, |

സെക്ഷൻ ഓഫീസർ

GOVERNME

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :299 05-07-2007 ൽ മറുപടിയ്ക്ക്

## ചൈനയുമായി സഹകരിച്ചുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>" കെ.കുഞ്ഞിരാമൻ<br>" സി.എച്ച്. കുഞ്ഞമ്പു<br>" സി.എം. ദിനേശ്മണി<br>" കെ.കെ. ദിവാകരൻ | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ചൈനയുമായി സഹകരിച്ച് സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഈ പദ്ധതി വിജയപ്രദമാണോ; | (എ) ഉണ്ട്. ചൈനയുമായി സഹകരിച്ച് സംസ്ഥാനത്ത് താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>സ്ഥാപിത ശേഷി-പ്രതീക്ഷിത ഉല്പാദനം<br>i) ചെമ്പുകടവ് I- 2.70 MW-6.24MU<br>ii) ചെമ്പുകടവ് II- 3,75MW-9.659MU<br>iii) ഉറുമി I- 3.75MW- 9.531 MU<br>iv) ഉറുമി II -2.40MW -6.099 MU<br>ഈ പദ്ധതികൾ വിജയപ്രദമായി നടന്നുവരുന്നു. |
| (ബി) ചൈനയുമായി സഹകരിച്ച് ചെറുകിട ജല വൈദ്യുത പദ്ധതികളിലൂടെയുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ചൈനയിലെ ഹാങ്ചോ ആസ്ഥാനമായി യുനിഡോയുടെയും ചൈനീസ് ഗവൺമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനമായ "ഇന്റർനാഷണൽ നെറ്റ് വർക്ക് ഫോർ സ്മോൾ ഹൈഡ്രോ പവർ" എന്ന സ്ഥാപനവുമായി സഹകരിച്ച് 18 ചെറുകിട ജല വൈദ്യുത പദ്ധതികൾ വികസിപ്പിച്ചെടുക്കുവാൻ 1998 ൽ M.O.U ഒപ്പിട്ടിരുന്നു. ഈ MOU പ്രകാരം 4 പദ്ധതികൾ 2003-04 ൽ പൂർത്തീകരിച്ചു. ശേഷിക്കുന്ന 14 പദ്ധതികളെ സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ആലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (സി) ഇത് സംബന്ധിച്ച് ചൈനീസ് മന്ത്രിയുമായി വൈദ്യുതി മന്ത്രി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) മന്ത്രിയുമായി കൂടി കാഴ്ച നടത്തിയിട്ടുണ്ട്. |

(ഡി) ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വികസനത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?--

(ഡി) സംസ്ഥാനത്തെ ചെറുകിട ജല വൈദ്യുത പദ്ധതികൾ മൂന്ന് വിധത്തിലായി വികസിപ്പിച്ചെടുക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഒന്നാമതായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് നേരിട്ടും രണ്ടാമതായി സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും മൂന്നാമതായി പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയുമാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

സ്വകാര്യ സംരംഭകർക്ക് CPP/IPP ആയും, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് CPP ആയുമാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ അലോട്ട് ചെയ്തു വരുന്നത്. ഇതിനുവേണ്ട നയപരമായ തീരുമാനങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വകാര്യ സംരംഭകർ വഴി ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ **61** ചെറുകിട ജലവൈദ്യുത പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 12 എണ്ണം സ്വകാര്യ സംരംഭകർക്ക് ഓപ്പൺ ടെണ്ടർ മുഖേന ഇതുവരെ അലോട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 3 MW ശേഷി ഇരുട്ടുകാനം പദ്ധതിയുടെ വൈദ്യുതി വാങ്ങൽ കരാർ (Power Purchase Agreement) 7-06-2007-ൽ M/s വിയ്യാറ്റ് പവർ ലിമിറ്റഡ് വൈദ്യുതി ബോർഡുമായി ഒപ്പുവെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 300 — 05.07.2007 -ൽ മറുപടിയ്ക്ക്

## വനാശ്രിത സമൂഹങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. രാജു<br>ശ്രീ. കെ. അജിത്<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാശ്രിത സമൂഹങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) വനവികാസ ഏജൻസികൾ (FDAs), സമിതികൾ (VSS/EDC/വനത്തിനു പുറത്തുള്ള സമാന സമിതികൾ) എന്നിവയുൾപ്പെടുന്ന ദ്വിതല സംവിധാനമാണ് ദേശീയ വനവൽക്കരണ പരിപാടി നടപ്പാക്കി വരുന്നത്. ഇപ്പോൾ 24 വനവികാസ ഏജൻസികളിലൂടെ 25 വനം ഡിവിഷനുകളിൽ ഈ പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഫലമായി 2006-07 ൽ 7171.36 ഹെക്ടർ വനപ്രദേശത്ത് 13 കോടി രൂപ ഉപയോഗിച്ച് വനവൽക്കരണം നടത്തിയിട്ടുണ്ട്. ഇതിലൂടെ 3.5 ലക്ഷത്തോളം തൊഴിൽദിനങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.<br><br>2006-07 ൽ 6142 ഹെക്ടർ വനവൽക്കരണത്തിന് ആവശ്യമായ തൈകൾ ഉല്പാദിപ്പിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 520.80 ലക്ഷം രൂപ 21 വനവികാസ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്.<br><br>വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കിയ ട്രൈബൽ ഇൻഷ്വറൻസ് പദ്ധതിവഴി 2006-07 ൽ 4.97 ലക്ഷം രൂപ ഇൻഷ്വറൻസ് തുകയായി നൽകാൻ സാധിച്ചിട്ടുണ്ട്.<br><br>2006-07 ൽ ഇക്കോടൂറിസം പദ്ധതിയിലൂടെ 50,000-ത്തോളം തൊഴിൽദിനങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |

(......2)

| | |
|---|---|
| (ബി) വനോല്പന്നങ്ങള്‍ ശേഖരിച്ച് വിപണനം നടത്തുന്നതിന് ഇപ്പോഴുള്ള സൗകര്യങ്ങള്‍ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (ബി) ഇക്കാര്യത്തില്‍ ഇപ്പോഴുള്ള സൗകര്യങ്ങള്‍ അപര്യാപ്തമാണ് എന്ന കാര്യം ശ്രദ്ധയില്‍ പെട്ടിട്ടില്ല. എന്നിരുന്നാലും ആദിവാസി വനസംരക്ഷണ സമിതികള്‍ വഴി തടിയിതര വനവിഭവങ്ങളുടെ ശേഖരണം ശാസ്ത്രീയമായി നടത്തിവരുന്നു. |
| (സി) എങ്കില്‍ ഇത്തരക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ഇത്തരക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ മുകളില്‍ (എ) പിരിവിനുള്ള ഉത്തരത്തില്‍ ഉള്‍ക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍.